


# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

നവംബർ
2011



**ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ ബാവ**

(15-ാം ഓർമ്മ)

(നവംബർ 8)

**(ദേവലോകം അരമനയിൽ)**



**പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ്**

(195-ാം ഓർമ്മ)

(നവംബർ 24)

**(പഴയ സെമിനാരിയിൽ)**

# പ്രദീപ്തി

വാല്യം : 12 ലക്കം : 11 നവംബർ 2011



മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ
പുത്തൻകുരിശ് - 682 308
pradeepthi2002@gmail.com

## ദളങ്ങളിൽ

**2** പത്രാധിപക്കുറിപ്പ്
**ഏതദ ദേവ തതോ ഭൂയ ഇതി**

**3** ഇടയസന്ദേശം
**ദൈവഭക്തിയും ജ്ഞാനവും** (തുടർച്ച)
ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**5** പിതാക്കന്മാർ
**പരുമലയിലെ പരിശുദ്ധനും കേരള നവോത്ഥാനവും**
ഡോ. ജോസഫ് ചീരൻ


**9** ആനുകാലികം
**രാഷ്ട്രീയ രംഗത്ത് സഭയുടെ ഭാഗഭാഗിത്വം**
വെരി. റവ. പി.യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പ

**11** സന്യാസം
**സന്യാസ പ്രസ്ഥാനത്തിന് ഒരാമുഖം**
ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**15** **പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ 1976 – 1983**

**16** പഠനം
**1653 ലെ കൂനൻ കുരിശുസത്യം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാഗത്തുനിന്നുള്ള പ്രതിപദനങ്ങൾ**
ഫാ. ഡോ. റ്റി. ഐ. വർഗീസ്

**20** കേരള സർക്കാരിന്റെ ഉറപ്പ്



## പത്രാധിപസമിതി

അദ്ധ്യക്ഷൻ
**അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

ഉപ അദ്ധ്യക്ഷൻ
**റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**

പ്രധാന പത്രാധിപർ
**റവ. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ**

നിർവ്വാഹക പത്രാധിപർ
**റവ. ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ**

ഉപ പത്രാധിപർ
**റവ. ഫാ. സി.എം. കുര്യാക്കോസ്**
**റവ. ഫാ. വർഗീസ് പി. വർഗീസ്**

പ്രസാധകൻ
**റവ. ഫാ. ഡോ. ഒ.പി. വർഗീസ്**

പ്രചാരകൻ
**റവ. ഫാ. അബ്രാഹാം കെ. ജോൺ**

കാര്യദർശി
**ശ്രീ. ജിത്തു മാത്യു, ഐക്കരെക്കുന്നത്ത്**

## ഉപദേശകസമിതി

വെരി. റവ. ഫാ. പി.യു. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ
റവ. ഫാ. ഡോ. റ്റി.ജെ. ജോഷ്വ
റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്
റവ. ഫാ. ഡോ. ജേക്കബ് കുര്യൻ
റവ. ഫാ. ഡോ. റ്റി.പി. ഏലിയാസ്
റവ. ഫാ. സി.എം. കുര്യാക്കോസ്
റവ. ഫാ. അബ്രാഹാം പാലപ്പിള്ളിൽ
റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം
റവ. ഫാ. ജോൺ വർഗീസ്
ശ്രീ. ചെമ്മനം ചാക്കോ
ശ്രീ. വർഗീസ് കരിപ്പാടം

| | |
|---|---|
| ഒറ്റപ്രതി | - 10 രൂപ |
| വാർഷികം | - 100 രൂപ |
| 10 വർഷം | - 1000 രൂപ |



# 'ഏത ദേവ തതോ ഭൂയ ഇതി'

ഭാരതീയ വിജ്ഞാനത്തിന്റെ പൂർണ്ണ നിധി കുംഭങ്ങളാണ് ഉപനിഷത്തുകൾ. അവ എഴുതിയ ഋഷികളിലൊരാൾ ഗുരുകുല വിദ്യാഭ്യാസത്തിനൊടുവിൽ തന്റെ മകനെ വിളിച്ച് ഇങ്ങനെ ഉപദേശിച്ചു. "വെള്ളം കൊണ്ട് ചുറ്റപ്പെട്ട് ധനപൂർണ്ണമായ ഈ ഭൂമി പകരം തരുകയാണെങ്കിൽ പോലും, മകനേ ഞാൻ നിനക്കു നല്കിയ ഉപദേശം അതിനേക്കാളെല്ലാം മികച്ചതാണെന്നു നീ മനസ്സിലാക്കുക". (യദ്യപി അസ്മാം ഇമാം അദ്ഭി: പരിഗൃഹീതാം ധന്യസ്യ പൂർണ്ണാം ദദ്യാത് ഏത ദേവ തതോ ഭൂയ ഇതി, ഏത ദേവതതോ ഭൂയ ഇതി)

അധികാരവും സമ്പത്തും എക്കാലവും മനുഷ്യനു പ്രലോഭനങ്ങളാണ്. മനുഷ്യ ചരിത്രം പരിശോധിച്ചാൽ അതിന്റെ മുന്നിൽ അടിപതറാത്തവർ ചുരുക്കം. അതിനാലാവാം ഋഷി തന്റെ മകനെ അവർത്തിച്ചുപദേശിക്കുകയാണ്. "ഏത ദേവ തതോ ഭൂയ ഇതി" (ഇത് അതിലും വലുതാണ്) ലോകത്തിലുള്ള എല്ല കലഹങ്ങളും അതിന്റെ പാരമ്യതയിൽ സംഭവിച്ചിട്ടുള്ള യുദ്ധങ്ങളും എല്ലാം തന്നെ അധികാരത്തിലും സമ്പത്തിനുമാണെന്നതിനു സംശയമില്ല. അവിടെ സത്യത്തിനും ധർമ്മത്തിനും ന്യായത്തിനും എന്തുവില? അധികാരവും സമ്പത്തുമില്ലാത്തവരെ ആര് ശ്രദ്ധിക്കുന്നു? നമ്മുടെ സാമൂഹ്യ രാഷ്ട്രീയ സഭാ മണ്ഡലങ്ങൾ ഇതിൽ നിന്ന് ഒട്ടും വിഭിന്നമല്ല എന്നത് ദുഃഖകരമായ ഒരു വസ്തുതയാണ്. ഈ പശ്ചാത്തലത്തിൽ ഈ ഉപനിഷത്ത് ഏറെ ചിന്തോദ്ദീപകമാണ്.

ഈ രാജ്യത്ത് നാം കാണുന്ന ധനം, സ്വർണ്ണവും രത്നവും ഇവിടുത്തെ പ്രകൃതി സമ്പത്തും ഇവിടുത്തെ അധികാരവുമൊക്കെയാണെങ്കിലും അവ വെറും മിഥ്യയാണെന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് മനസ്സിലാക്കിയ ആ മുനി ശ്രേഷ്ഠൻ അതിന്റെ ഗുണമില്ലായ്മയെ തന്റെ മകനെ മനസ്സിലാക്കികൊടുക്കുകയാണ്. അവയെല്ലാം യഥാർത്ഥ സത്യത്തിന്റെ മുന്നിൽ മണ്ണാങ്കട്ടപോലെയാണ്. സത്യം ഈശ്വരനാണ്. അതിനെ ഈ ലോകത്തിന്റെ ധനത്തിന്റെ മുന്നിൽ പണയം വെയ്ക്കരുതെന്ന് മുനി ശ്രേഷ്ഠൻ നമ്മെ ഓർമ്മിപ്പിക്കുകയാണിവിടെ. രാത്രിയുടെ അന്ത്യയാമത്തിൽ കാണുന്ന സ്വപ്നം പോലെ ഉറങ്ങി എഴുന്നേൽക്കുമ്പോൾ അപ്രത്യക്ഷമാകുന്നതാണിതൊക്കെ. ഒരു നിമിഷത്തെ കുലക്കം പോലും വേണ്ട ഇവയൊക്കെ നശിക്കാൻ. അതിനാൽ ദൈവദത്തമായ ജ്ഞാനത്തെ പ്രാപിക്കാനും അവ നഷ്ടപ്പെടാതിരിയ്ക്കാനുമാണ് നാം ഉത്സാഹിക്കേണ്ടത്. അതിന്റെ മൂല്യം അളവറ്റതാണ്. അത് നമ്മുടെ ആത്മാവിന്റെ ഭാഗമാണ്.

സദൃശ്യവാക്യങ്ങൾ 8:10 ൽ "വെള്ളിയേക്കാൾ എന്റെ പ്രബോധനവും മേത്തരമായ പൊന്നിനെക്കാൾ പരിജ്ഞാനവും കൈകൊൾവിൻ" എന്ന് ഉപദേശിക്കുന്നു. "കാമധേന്ത സമാ വിദ്യാസ ദൈവ ഫലദായിനി" എന്ന് നീതിസാരവും പഠിപ്പിക്കുന്നു. ഇപ്രകാരം വരദായിനിയായ ഈശ്വര ജ്ഞാനത്തിനാണോ, അവ ഉൾക്കൊള്ളുന്ന സത്യം, ധർമ്മം, നീതി ഇവയ്ക്കാണോ, നശ്വരമായ ലോക മോഹത്തിനാണോ നമ്മുടെ ഹൃദയത്തിൽ സ്ഥാനം നല്കേണ്ടത്? സത്യം ബലികഴിക്കപ്പെടാതിരിക്കുവാൻ ബലിയായി സ്വയം മാറിയ അനേകം മഹദ് വ്യക്തികൾ വസിച്ച ഈ പുണ്യ ഭൂമിയിൽ വസിക്കുന്നവരായ നമ്മുടെ മനസ്സ് ചായുന്നതെന്തിലേക്കാണ് എന്ന് ഒരു നിമിഷം ചിന്തിക്കുവാൻ ഈ ഉപനിഷത്തു വാക്യം മുഖാന്തരമാവട്ടെ.

*"ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു" (1 യോഹ. 2 :17)*

പൂവത്തുങ്കലച്ചൻ

❈

# ദൈവഭക്തിയും ജ്ഞാനവും (തുടർച്ച)

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

## വി.കൂദാശയുടെ അന്തസത്ത

ദൈവസൃഷ്ടിയിലുള്ളതൊന്നും പൂർണ്ണമായും അശുദ്ധമല്ല. വിശുദ്ധീകരിക്കുന്ന ദൈവവും വിശുദ്ധമാക്കപ്പെടുന്ന വസ്തുവും തമ്മിൽ സത്താപരായ സാദൃശ്യമുണ്ട്. സൃഷ്ടാവും സൃഷ്ടിക്കപ്പെട്ടവയും തമ്മിലുള്ള ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വി.കൂദാശയ്ക്ക് ഒരു പ്രാപഞ്ചിക പ്രാധാന്യം ഉണ്ട്. അത് സൃഷ്ടിയുടെ ഓരോ അണുവിലേക്കും സന്നിവേശിക്കുന്ന ദൈവശക്തിയായിത്തീരുകയാണ്. ആയതിനാൽ ഓരോ കൂദാശയും പ്രപഞ്ചരൂപാന്തരീകരണമെന്ന യുഗാന്ത്യ പ്രക്രിയയുടെ ഭാഗമായിത്തീരുന്നു. മാത്രമല്ല, ഓരോ കൂദാശയും അതിൽതന്നെ അദ്വിതീയവും ആവർത്തനരഹിതവും മാറ്റമില്ലാത്തതുമാണ്. പാപം മുഖാന്തിരം ദൈവത്തിൽ നിന്നും വേർപെട്ട് അന്യമായി തീർന്നിരിക്കുന്ന സൃഷ്ടി വി.കൂദാശ മുഖാന്തിരം വിശിഷ്ടമാക്കപ്പെട്ട് സത്താപരവും നൈസർഗ്ഗികവുമായ അവസ്ഥയിലേക്കും സ്വഭാവത്തിലേക്കും വെളിപ്പെട്ട് വരുന്നു. ഇതിനുകാരണം എല്ലാ സൃഷ്ടിയിലും ദൈവിക ചൈതന്യം അതിന്റെ ഉണ്മയിൽത്തന്നെ ഉൾക്കൊണ്ടിട്ടുണ്ട് എന്നതാണ്. അതില്ലായിരുന്നെങ്കിൽ സൃഷ്ടി തന്നെ ഉണ്ടാകുമായിരുന്നില്ല, കൂദാശയുടെ സാംഗത്യവും ഇല്ലല്ലോ. എന്നാൽ സൃഷ്ടിയുടെ ഈ ആന്തരിക ദൈവസ്വഭാവം അതിൽത്തന്നെ ഒരു ശുദ്ധീകരണമെന്ന നിലയിൽ കൂദാശയായി പരിഗണിക്കപ്പെടാവുന്നതല്ല. കാരണം കൂദാശ മുഖാന്തിരം സൃഷ്ടിയുടെ രൂപാന്തരീകരണമാണ് നടക്കുന്നത്. സൃഷ്ടിയുടെ ഉള്ളിൽ അന്തർലീനമായിരിക്കുന്ന ദൈവികശക്തി വി.കൂദാശയിൽ കൂടി പ്രവർത്ത്യുന്മുഖവും അനുഭവേദ്യവുമായി വെളിപ്പെടുകയാണ്. ഈ അർത്ഥത്തിൽ വി.കൂദാശ 'പുതിയ ആകാശവും പുതിയ ഭൂമിയു'മായിത്തീരുന്ന സൃഷ്ടിയുടെ പുനർജീവനവും രൂപാന്തരവും സാക്ഷാൽക്കരിക്കപ്പെടുന്നു. ഇപ്രകാരം സൃഷ്ടി പാപം മുഖാന്തിരം അന്യവൽക്കരിക്കപ്പെട്ടതും വിഭിന്നമാക്കപ്പെട്ടതുമായ അവസ്ഥയിൽ നിന്നും ഉദ്ധരിക്കപ്പെട്ട് അതിന്റെ വീഴ്ചയ്ക്ക് അതീതമായ ദൈവരാജ്യാവസ്ഥയിൽ സ്ഥിരീകരിക്കപ്പെടുന്നു. ആയതിനാൽ ഓരോ കൂദാശാകർമ്മവും സൃഷ്ടിയുടെ സത്താപരവും ആന്തരീകവുമായ സ്വഭാവത്തിന്റെ യാഥാർത്ഥീകരണവും ദൈവബന്ധത്തിലുള്ള യഥാസ്ഥാനപ്പെടലും ആണ്. ഇതാണ് കൂദാശയുടെ പ്രാപഞ്ചികവും സാർവ്വത്രികവുമായ പ്രാധാന്യം.

കൂദാശയെന്നത് വിശുദ്ധമാണ്. അത് ദൈവികമായി വേർതിരിക്കപ്പെട്ടതും അദ്വിതീയവുമാണ്. അത് ഒരു നിശ്ചിത സമയത്തും സ്ഥലത്തും സംഭവിക്കുന്നു. ഒരു പ്രത്യേക വ്യക്തിയെയോ വസ്തുവിനെയോ ജീവചൈതന്യത്തിന്റെ പൂർണ്ണതയിലേക്ക് കൊണ്ട് വന്ന് അതിനെ ഭൗതിക സ്ഥലസമയപരിമിതികൾക്കതീതമായി ഉയർത്തുന്നു. മനുഷ്യന്റെ അർത്ഥപൂർണ്ണമായി ഭാഗഭാഗിത്തം ഇതിൽ നിർണ്ണായകമാണ്. മനുഷ്യൻ സൃഷ്ടിയുടെ മകുടമെന്ന അവസ്ഥയിൽ മറ്റ് എല്ലാ സൃഷ്ടികളോടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട സൃഷ്ടിയിലെ അദ്വിതീയൻ എന്ന നിലയിൽ ദൈവവും മറ്റു സൃഷ്ടികളുമായും ബന്ധപ്പെടുന്ന ഒരു കണ്ണിയാണ് മനുഷ്യൻ. ആയതിനാൽ മനുഷ്യൻ പ്രാർത്ഥനയ്ക്കായി അവന്റെ തല ദൈവ തിരുമമ്പാകെ കുനിയ്ക്കുമ്പോൾ സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സർവ്വ സൃഷ്ടികളും അവനോടൊപ്പവും അവനിൽക്കൂടെയും ദൈവത്തെ ആരാധിച്ചു നമസ്കരിക്കുന്നു. മാബൂഗിലെ വി. പീലക്സീനോസിന്റെ സന്ധ്യയിലെ രഹസ്യപ്രാർത്ഥനയിൽ സൃഷ്ടിയുടെ മകുടമായ മനുഷ്യൻ പ്രപഞ്ചത്തിലെ സർവ്വതിനെയും പ്രതിനിധാനം ചെയ്തുകൊണ്ട് പ്രാർത്ഥിക്കുന്ന ചിത്രമാണ്.

"നീ സൃഷ്ടിച്ചിട്ടുള്ള മാലാഖമാരിൽ നിന്ന് അവരുടെ കൂട്ടങ്ങളിലെ ആളുകളുടെ എണ്ണപ്രകാരം നിനക്കു സ്തുതി. നീ നിർമ്മിച്ചിട്ടുള്ള മനുഷ്യരിൽ നിന്നു അവരുടെ രോമങ്ങളിൻ ഇഴകളുടെ എണ്ണപ്രകാരം നിനക്കു സ്തുതി. നീ സൃഷ്ടിച്ചിട്ടുള്ള പലജാതി ഊമവർഗ്ഗങ്ങളിൽ നിന്ന് അവയുടെ എണ്ണപ്രകാരം നിനക്കു സ്തുതി. സകല വൃക്ഷങ്ങളിൽ നിന്നും തൃണങ്ങളിൽ നിന്നും അവയുടെ ഇലകളുടെ എണ്ണപ്രകാരം നിനക്കു സ്തുതി. പകലും രാവും നിനക്കു സ്തുതി. സന്ധ്യയിലും പ്രഭാതത്തിലും ഉച്ചയിലും നിനക്കു സ്തുതി. എല്ലാ കാലത്തും സദാനേരത്തും നിനക്കു സ്തുതി. എല്ലാ സമയങ്ങളിലും നിമിഷങ്ങളിലും നിനക്കു സ്തുതി. സകല ഘ്രാണങ്ങളോടും ശ്വാസങ്ങളോടും കൂടെ നിനക്കു സ്തുതി".

സമയവും സ്ഥലവും പ്രകൃതിയിലുള്ളതു മുഴവനും മനുഷ്യ സ്തുതിയിൽ ഭാഗഭാക്കാകുന്നു എന്നത് ദൈവ പ്രപഞ്ച ഐക്യത്തിന്റെയും പ്രപഞ്ച ശുദ്ധീകരണത്തിൽ മനുഷ്യനുള്ള ഉത്തരവാദപ്പെട്ട ഭാഗഭാഗിത്വത്തെയും നമുക്ക് ബോദ്ധ്യമാക്കുന്നു.

ഒരു ഓർത്തഡോക്സ് സഭാംഗത്തിന്റെ ജീവിതവും സ്വഭാവവും വലിയ ഒരു പരിധിവരെയും രൂപപ്പെടുകയും പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നത് അയാളുടെ സഭയിലുള്ള ആരാധനാ ജീവിതത്തിന്റെ അടിസ്ഥാനത്തിലാണ്. വി.വേദപുസ്തകത്തിലെ വാക്യങ്ങളും പാട്ടുകളും പ്രധാന സംഭവങ്ങളും മർമ്മങ്ങളും പ്രതീകങ്ങളും എല്ലാം ഒരു സ്തുതിപ്പിന്റെ വിവിധ വശങ്ങളാണ്. "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ആദിമുതൽ എന്നുമെന്നേക്കും സ്തുതി" എന്ന അടിസ്ഥാന വാക്യത്തിന്റെ വിപുലീകരണമാണ് ക്രിസ്തീയ ആരാധന. ആയതിനാൽ ഈ വാക്യം തുടക്കത്തിലെന്ന പോലെ ഓരോ ഗദ്യ പ്രാർത്ഥനയുടെയും ആരംഭത്തിലും അവസാനത്തിലും പദ്യഭാഗങ്ങളുടെ ഇടയിലുമൊക്കെ ആയി പല പ്രാവശ്യം നാം ആവർത്തിച്ചു പാടുന്നു. ഏറ്റവും പ്രധാന ആരാധനാ വാക്യമാണല്ലോ ആരാധനയിൽ പല പ്രാവശ്യം ആവർത്തിക്കുന്ന ക്രമീകരണം പ.സഭാ പിതാക്കന്മാർ ചെയ്തിരിക്കുന്നത്.

കൂദാശയിലൂടെയുള്ള ദൈവകൃപ ഒരു മനുഷ്യന്റെ സ്വാതന്ത്ര്യത്തിനു അതീതമായി നിർബന്ധമായും അയാളിൽ പ്രവർത്തിക്കുന്നില്ല. അതു സ്വീകരിക്കുവാൻ ഹൃദയംഗമായി വിശ്വസിച്ചു സമർപ്പിക്കുന്നത് അനുപേക്ഷണീയമാണ്. അതല്ലെങ്കിൽ ആ കൂദാശ സ്വീകരിച്ചു കഴിഞ്ഞാലും അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ദൈവകൃപയിൽ വളരുവാൻ അയാൾക്കു കഴികയില്ല. "സ്വർഗ്ഗരാജ്യത്തിലേക്ക് നയിക്കുന്ന നേർവഴിയിൽക്കൂടി പ്രയാണം ചെയ്യുവാൻ ഇവർക്കു കൃപ നല്കണമെ" എന്ന് നമ്മുടെ വിവാഹകൂദാശ ക്രമം രണ്ടാം ഭാഗത്തെ സെദറായിൽ നാം വധൂവരന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുന്നുണ്ട് എന്നാൽ അവർ ആ വിവാഹകൂദാശയിൽ അവരുടെ ആത്മശരീര മനസ്സുകളുടെ സമ്മിശ്രണത്തോടുകൂടി ഭാഗഭാക്കാക്കുന്നില്ലെങ്കിൽ അത് അവരുടെ കുടുംബജീവിതത്തിൽ ഭാവിയിൽ പല പ്രശ്നങ്ങളിലേക്കും വഴി നയിക്കാം. വി. മാമ്മോദീസ്സായിൽ മദ്ധ്യസ്ഥരായി നിൽക്കുന്നവർ മാമ്മോദീസ്സായേറ്റവരെ സഭയുടെ വിശ്വാസത്തിലും പാരമ്പര്യത്തിലും ഉത്തരവാദിത്വപൂർവ്വം വളർത്താതിരുന്നാൽ അവർ സഭാനിഷേധികളോ ദൈവനിഷേധികളോ ആയിത്തീർന്നേക്കാം. മാമ്മോദീസായിൽ മദ്ധ്യസ്ഥരായി വരുന്നവർ നമ്മുടെ സഭാംഗങ്ങൾ തന്നെ ആയിരിക്കണമെന്ന് സഭ നിഷ്ക്കർഷിക്കുന്നതിന്റെ സാംഗത്യം ഇത് വ്യക്തമാക്കുന്നു. യേശു ക്രിസ്തു ആൾക്കൂട്ടത്തിനിടയിലായിരുന്നപ്പോൾ അദ്ദേഹത്തെ മുട്ടിയുരുമ്മി നിന്നവരും സ്പർശിച്ചവരും അനേകരുണ്ടായിരുന്നിരിക്കാം (മത്താ. 8.43-48). എന്നാൽ സൗഖ്യം പ്രാപിക്കുമെന്ന പൂർണ്ണവിശ്വാസത്തോടെ യേശുവിന്റെ വസ്ത്രാഗ്രം തൊട്ട രക്തസ്രാവക്കാരി സ്ത്രീ മാത്രമെ സൗഖ്യമായുള്ളു. വിശ്വാസം, സ്നേഹം, അനുതാപം, അനുസരണം, സമർപ്പണം എന്നിവ ഉൾക്കൊള്ളുന്ന നാം ആകുന്ന വലിയ പാത്രം തുറന്ന് കൂദാശയുടെ ദൈവകൃപ വർഷിക്കപ്പെടുന്ന സ്ഥലത്ത് വച്ചാൽ അത് നിറഞ്ഞു നമുക്കു ലഭിക്കും. അപ്രകാരം തുറന്നു വയ്ക്കാത്ത പാത്രത്തിൽ കൃപാവർഷം ലഭിക്കയില്ലല്ലോ. "സകല സത്യത്തിലും നമ്മെ വഴി നടത്തുന്ന പരിശുദ്ധാത്മാവ്" (യോഹ. 16:13) "ഉണ്ടായിട്ടുള്ളതും ഉണ്ടാകുന്നതുമായ സകലത്തെയും പൂർത്തിയാക്കുന്നവനാണ്" (വി.കുർബ്ബാന തക്സ). വി. കൂദാശകളിൽക്കൂടി നമുക്കു ലഭിക്കുന്ന പരിശുദ്ധാത്മാവ് "നമ്മുടെ ബലഹീനതയ്ക്ക് തുണ നില്കകയും" "നമുക്കുവേണ്ടി ദൈവഹിതപ്രകാരം ദൈവതിരുമുമ്പാകെ പക്ഷവാദം" ചെയ്യുകയും ചെയ്യുന്നു. (റോമ. 8:26, 27) ആത്മീക ജീവിതത്തിലെ വളർച്ച അപ്രകാരം സുസാദ്ധ്യമാക്കുന്നു.

(തുടരും...)

# പരുമലയിലെ പരിശുദ്ധനും
## കേരള നവോത്ഥാനവും

ഫാ. ഡോ. ജോസഫ് ചീരൻ

എ.ഡി. ഏഴ്, എട്ട് നൂറ്റാണ്ടുകളിലായി കേരളത്തിലെത്തിയ ആര്യബ്രാഹ്മണർ-നമ്പൂതിരിമാർ, മതം, കൃഷി, സാഹിത്യം തുടങ്ങിയ വിഷയങ്ങളിൽ കേരളത്തെ വെളിച്ചത്തിലേക്ക് നയിച്ചുവെങ്കിലും ആ വെളിച്ചങ്ങളൊക്കെയും മനുഷ്യസമത്വം, സദാചാരബോധം, ജനാധിപത്യ സ്വഭാവം തുടങ്ങിയ മൂല്യസങ്കല്പങ്ങളെ തല്ലിക്കെടുത്തി സാംസ്കാരികമായ കൊടും കൂരിരുട്ടിലേക്ക് കേരളത്തെ തള്ളിവിടുവാനാണ് ദൗർഭാഗ്യവശാൽ ശ്രമിച്ചത്. മേധാശക്തിയിലും ആയോധനകലയിലും ലോഹനിർമ്മിതമായ കാർഷിക ഉപകരണങ്ങളിലും വൈദഗ്ദ്ധ്യം നേടിയ അവർക്ക് വിജയം നേടുവാൻ പ്രയാസമുണ്ടായില്ല. ഈ സാംസ്കാരിക തകർച്ച ഒരായിരം കൊല്ലത്തിലേറെ കേരളത്തെ ധാർമ്മികമായി ദരിദ്രമാക്കി. ജന്മിസമ്പ്രദായം, ജാതി സമ്പ്രദായം, മരുമക്കത്തായവും, സംബന്ധവ്യവസ്ഥയും, വിദ്യാഭ്യാസ രംഗത്തിലെ കോയ്മകൾ, നിയമ വ്യവസ്ഥയുടെ മേൽക്കോയ്മകൾ തുടങ്ങിയ ആര്യൻവേരുകൾ കേരള സമുദായഗാത്രത്തിലെ പ്രവാഹം നിലയ്ക്കത്തക്കവിധം അതിനെ വരിഞ്ഞുമുറുക്കി. എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ തുടങ്ങിയ ചില കവികൾ ഈ സാംസ്കാരിക അപചയത്തെ ചികിത്സിക്കുവാൻ ശ്രമിച്ചുവെങ്കിലും അവരുടെ ഔഷധങ്ങൾ വേണ്ടത്ര ഫലപ്രദമായില്ല; അപചയത്തിന്റെ വേരുകൾ അത്ര അഗാധത്തിൽ വേരോടിയിരുന്നു. ഈ തകർച്ചയിൽ നിന്ന് ഫലപ്രദമായി കേരളം വിമോചിതമായത് 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ 20-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധം ഉൾപ്പെട്ട ഒരു നൂറ്റാണ്ടുകാലത്തെ നവോത്ഥാനകാലത്തിന്റെ ഫലമായാണ്. ബ്രിട്ടീഷ് ഭരണത്തിന്റെ ശക്തമായ പശ്ചാത്തലത്തിൽ ഈ സാമൂഹ്യവിപ്ലവത്തിന്റെ ശംഖനാദവുമായി ചരിത്രത്തിൽ ആദ്യം പ്രത്യക്ഷപ്പെടുന്നത് ഇന്ത്യൻ ഓർത്തഡോക്സ് സഭയാണ്. ആ ശംഖനാദം കേരളത്തിന്റെ സമസ്ത മേഖലകളിലും മത-രാഷ്ട്രീയ-സാമുദായിക പ്രതികരണമുണ്ടാക്കി. അവരും ആ വിപ്ലവപ്രവാഹത്തിന്റെ ഭാഗമായി. ഒടുവിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഈ മഹാപ്രവാഹത്തിന്റെ ഭാഗമായി. പിൽക്കാലത്ത് ചരിത്രമെഴുതിയവർ ഈ വിപ്ലവ പ്രവാഹചരിത്രത്തിന്റെ ആദ്യ അദ്ധ്യായത്തെ കാണാൻ കൂട്ടാക്കാത്തത് എന്തുകൊണ്ട് എന്ന ചോദ്യം ചരിത്രരചനയുടെ രംഗത്ത് ഒരു ചോദ്യ ചിഹ്നമായി അവശേഷിക്കുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിലാദ്യമായി ആരംഭിക്കുവാൻ വേദി ഒരുക്കിയ കോട്ടയം പഴയസെമിനാരിയുടെ സ്ഥാപനത്തോടെയാണ് മലങ്കരസഭ നവോത്ഥാനരംഗത്തേക്ക് പ്രവേശിച്ചത്. 1815 ൽ ആരംഭിച്ച പഴയ സെമിനാരി വെറുമൊരു വൈദിക വിദ്യാഭ്യാസ കേന്ദ്രമാവാൻ അല്ല, വിദ്യയുടെ അക്ഷരപ്രഭ കൊണ്ട്, കേരളത്തെ അടക്കിവാണ ഇരുട്ടിന്റെ പടർപ്പുകളിൽ പ്രകാശം വിതച്ച് പുതിയ ദിശകളിലൂടെ കേരളത്തെ നയിക്കുവാനുള്ള പ്രവാചകവ്യക്തിത്വങ്ങളെ വാർത്തെടുക്കുവാനുള്ള വലിയ ഭാവനയുടെ ഭാഗം കൂടിയായിരുന്നു. ദൗർഭാഗ്യവശാൽ സെമിനാരി സ്ഥാപകന്റെ (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ) അപ്രതീക്ഷിതമായ നിര്യാണത്തെ തുടർന്ന് സെമിനാരിയുടെ അവകാശത്തർക്കങ്ങൾ സെമിനാരിയെ ഒരു കലാപഭൂമിയാക്കി തീർത്തതുമൂലം സെമിനാരി സ്ഥാപകന്റെ സ്വപ്നങ്ങൾക്ക് മങ്ങലേറ്റു. അദ്ദേഹത്തിന്റെ പാരമ്പര്യത്തിൽ നിന്നു മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്ത് അവരോധിക്കപ്പെട്ട പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ദ്വിതീയന്റെ കാലത്താണ് ആ ദീപം ഏറ്റവും കൂടുതൽ ശോഭിച്ചത്.

പാശ്ചാത്യസഭയുടെ തള്ളിക്കയറ്റത്തിന് വിജയകരമായി നിയന്ത്രണമേർപ്പെടുത്തിയ ഇവിടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന സംഘ

ടനയിലൂടെ സഭയുടെ ചിതറിക്കിടക്കുന്ന ശക്തി കേന്ദ്രീകൃതമായി സമാഹരിച്ചുവച്ച് 250 ലേറെ പ്രാഥമിക വിദ്യാലയങ്ങളും മൂന്ന് പത്രങ്ങളും അര ഡസൻ സെമിനാരികളും സ്ഥാപിച്ച് കേരളത്തിന്റെ സാമുദായിക, സാംസ്കാരിക രംഗങ്ങളെ ത്രസിപ്പിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തിന്റെ ശിഷ്യനായി, അദ്ദേഹത്തിൽ നിന്ന് സന്യാസം വരിച്ച് രംഗത്തുവന്ന മഹാശയനാണ് പരുമലയിലെ പരിശുദ്ധൻ. 1848 ജൂൺ 15 ന് അദ്ദേഹം ഭൂജാതനായി. 1861 വൃശ്ചികത്തിൽ കശ്ശീശാപ്പട്ടവും 1872 മീനം 25 ന് സന്യാസസ്ഥാനവും സ്വീകരിച്ചു. അദ്ദേഹം ചതുർമുഖസേവനസരണികളിലൂടെ കേരള നവോത്ഥാനത്തിന് നേതൃത്വം നല്കി.

**മല്പാൻ**

സുറിയാനി ഭാഷ, വ്യാകരണം, കാനോൻ, ചരിത്രം, ആരാധന തുടങ്ങിയ കാര്യങ്ങളിൽ പണ്ഡിതോചിതമായ പരിശീലനം ലഭിച്ച അദ്ദേഹം 1872ൽ വെട്ടിക്കൽ ആശ്രമത്തിൽ അനൗപചാരികമായും 1874 മുതൽ പഴയ സെമിനാരിയിൽ ഔപചാരികമായും മല്പാനായി പ്രവർത്തിച്ചു.സാമൂഹ്യ പരിഷ്കരണത്തിനുള്ള അഭിവാഞ്ഛ വൈദിക വിദ്യാർത്ഥികളിൽ അങ്കുരിപ്പിച്ച് അവരിലൂടെ മലങ്കരയിലെങ്ങും പ്രകാശം പരത്തുവാൻ അദ്ദേഹം ഉദ്യമിച്ചു. വലിയ മെത്രാച്ചനും കൊച്ചു മെത്രാച്ചനും കൂടി നടത്തിയ ഒരു യജ്ഞമായിരുന്നു അത്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിലായി 250-ലേറെ പ്രാഥമിക വിദ്യാലയങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞു. പ്രാദേശിക നേതൃത്വത്തിന് ഈ വെളിച്ചം ലഭിച്ചത് പരുമലയിൽ നിന്നായിരുന്നു. പഴഞ്ഞി-കുന്ദംകുളം (തൃശ്ശൂർ ജില്ല) പ്രദേശത്ത് മാത്രം ഒരു ഡസനിൽ കുറയാതെ വിദ്യാലയങ്ങൾ സ്ഥാപിതമായി. അതിന്റെ സ്ഥാപകനേതാക്കളായിരുന്ന പഴഞ്ഞി ചീരൻ ഗീവർഗീസ് കത്തനാരും, കുന്ദംകുളം പനയ്ക്കൽ യാക്കോബ് മല്പാനും പരുമലയിൽ നിന്ന് കൊളുത്തിയെടുത്തിരുന്ന തിരികൾ സ്വദേശത്ത് കത്തിക്കുകയായിരുന്നു. അക്ഷരാഗ്നിയെ ആളിപ്പടർത്തുവാൻ പരുമലയിലെ പരിശുദ്ധൻ വലിയ തിരുമേനിയുടെ നിർദ്ദേശപ്രകാരം നടത്തിയ ഈ തപസ്സ് നൂറുശതമാനം സാക്ഷരതയുടെ ബഹുമതി നേടി എന്ന് അഭിമാനിക്കുന്ന കേരളം ഓർത്തേ മതിയാവൂ. വിദ്യ കൊണ്ട് വിജ്ഞരാകുക എന്ന് ആഹ്വാനം ചെയ്ത നാരായണ ഗുരുവിന് ഒരു മുദ്രാവാക്യം രചിക്കുവാനല്ലാതെ വിദ്യാഭ്യാസരംഗത്ത് കാര്യമായി വല്ലതും പ്രവർത്തിക്കുവാൻ സാധിച്ചുവോ എന്നത് സംശയമാണ്. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഓർത്തഡോക്സ് സഭ ആരംഭിച്ച 250-ലേറെ വിദ്യാലയങ്ങളിൽ വർണ്ണ-വർഗ്ഗ-ലിംഗഭേദങ്ങൾക്കതീതമായി വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ വലിയ തിരുമേനിയ്ക്കും പരുമലയിലെ പരിശുദ്ധനും കഴിഞ്ഞിരുന്നു.

ഒരുപടികൂടിക്കടന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ നവോത്ഥാനത്തെ ത്വരിപ്പിക്കുവാൻ പരുമലയിലെ പരിശുദ്ധൻ പ്രവർത്തിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ടുമാത്രമേ കേരളത്തെ മോചിപ്പിക്കാനാവൂ െന്ന് ഒയ്യാരത്ത് ചന്തുമേനോൻ ജഡ്ജി ഇന്ദുലേഖ എന്ന നോവലിലൂടെ ആഹ്വാനം നല്കുന്നതിന് മുമ്പുതന്നെ, മലങ്കരയിലെ പ്രാചീന കേന്ദ്രമായിരുന്ന കുന്ദംകുളത്തും തിരുവല്ലയിലും പരുമലതിരുമേനി ഇംഗ്ലീഷ് വിദ്യാലയങ്ങൾ സ്ഥാപിച്ചു കഴിഞ്ഞിരുന്നു. ആ ക്രാന്തദർശിത നമ്മെ അത്ഭുതപ്പെടുത്തുന്നു.

**സഭാഭരണം**

പരുമല മാർ ഗ്രീഗോറിയോസ് ആദ്യം നിയമിതനായത് നിരണം ഭദ്രാസനത്തിലേക്കായിരുന്നുവെങ്കിലും അനൗപചാരികമായി അദ്ദേഹം മലങ്കര മെത്രാപ്പോലീത്തായുടെ ചുമതലകൾ ആജീവനാന്തം നിർവ്വഹിച്ചിരുന്നു. മലങ്കര മെത്രാപ്പോലീത്താ വ്യവഹാരാവശ്യത്തിനും സ്കൂൾ സ്ഥാപനം, പുസ്തക-പത്ര-മാസികകളുടെ പ്രവർത്തനങ്ങൾക്കുമായി കുന്ദംകുളം തൊട്ട് തിരുവനന്തപുരം വരെ നിരന്തരം ഓടിനടന്നപ്പോൾ മലങ്കര മെത്രാപ്പോലീത്തായുടെ ഭരണപരമായ ചുമതലകൾ പരുമല തിരുമേനിയിലാണ് ഏല്പിക്കപ്പെട്ടിരുന്നത്. ഇത് സംബന്ധമായി വലിയ തിരുമേനി നല്കിയിട്ടുള്ള കല്പനകളും കൊച്ചുതിരുമേനി സമർപ്പിച്ചിട്ടുള്ള ഏതാനും റിപ്പോർട്ടുകളും ഈ ലേഖകൻ കണ്ടെടുത്തിട്ടുണ്ട്.

പള്ളിപ്രശ്നങ്ങളിൽ സദാചാരം, കുടിപ്പകകൾ, ആഭിജാത്യപ്രശ്നങ്ങൾ, വർണ്ണവർഗ്ഗപ്രശ്നങ്ങൾ, അധികാരാവകാശത്തർക്കങ്ങൾ, സഭാ നിയമവ്യാഖ്യാനം തുടങ്ങിയ നിരവധി വിഷയങ്ങൽ ഉൾപ്പെടുമായിരുന്നു. അധികവും ആളുകളുടെ അന്ധവിശ്വാസങ്ങളാണ് പ്രശ്നങ്ങൾ ജനിപ്പിക്കുന്നതും വഷളാക്കുന്നതും. പരുമല പിതാവ് തർക്കസ്ഥലത്തെത്തി രണ്ടു ഭാഗക്കാരെയും ക്ഷമാപൂർവ്വം കേൾക്കുകയും

പ്രശ്നാപഗ്രഥനം നടത്തുകയും വിശ്വാസങ്ങളെയും അന്ധവിശ്വാസങ്ങളെയും വേർപെടുത്തി തർക്കങ്ങളുടെ അർത്ഥമില്ലായ്മ ബോധ്യപ്പെടുത്തുകയും ചെയ്യുമ്പോൾ തർക്കങ്ങൾ അസ്തമിക്കുക പതിവായിരുന്നു. പ്രശ്നങ്ങളുടെ വേരുകളെ സൂക്ഷ്മമായി കണ്ടെത്തുവാനും കേസിലെ കക്ഷികൾക്ക് തങ്ങളുടെ ഭാഗത്തുള്ള അനീതി വ്യക്തമായി ബോധ്യപ്പെടുത്തുവാനും അദ്ദേഹം ശ്രമിച്ചിരുന്നു. ചുറ്റുപാടുകളിൽ അവർ കാണുന്ന കാഴ്ചകൾക്കും അനുഭവങ്ങൾക്കുമുപരി ധർമ്മങ്ങൾക്കും മൂല്യങ്ങൾക്കും സദാചാരങ്ങൾക്കുമൊക്കെ ഒരു ക്രിസ്ത്യൻ തലമുണ്ടെന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞതിലാണ് അദ്ദേഹത്തിന്റെ അസാമാന്യ വിജയം സ്ഥിതിചെയ്തിരുന്നത്. സാമൂഹ്യ ജീവിതത്തെപ്പറ്റി തനിക്കുള്ള വിശദവും വിശാലവുമായ നവോത്ഥാനദർശനങ്ങൾ ഈ ഇടവക സന്ദർശനങ്ങളിലൂടെ ആവർത്തിച്ച് ഉറപ്പിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. വ്യക്തിപരമായ വിശുദ്ധിയുടെയും ലളിത ജീവിതത്തിന്റെയും പശ്ചാത്തലം ഈ ദർശനസംക്രമണ പ്രക്രിയയെ സുതാര്യവും അയത്നലളിതവുമാക്കി.

### ഹ്യൂമനൈസേഷൻ

അപമാനവീകരണ സംരംഭങ്ങളാണ് നവോത്ഥാന സംരംഭങ്ങളെ അനിവാര്യമാക്കിയതെന്ന് നേരത്തെ പറഞ്ഞുവല്ലോ. സ്ത്രീപുരുഷ സമത്വം, അധ്വാനത്തിന്റെ മഹത്വം, ജീവിതനൈർമ്മല്യം, വിദ്യാർജ്ജനം, പള്ളി കേന്ദ്രമാക്കിയുള്ള കൂടിവരവുകൾ ഇവയൊക്കെ ദൈവത്തിന്റെ കൈവേലയായ മനുഷ്യനെ, മാനവികതയുടെ പൂർണ്ണതയിലേക്ക് വളർത്തുന്ന അവസരങ്ങളായി അദ്ദേഹം വ്യാഖ്യാനിച്ചു. സമൂഹത്തിലെ അധഃസ്ഥിതർക്ക് യേശു അവതരിപ്പിച്ച അതുല്യ ദർശനം-ദൈവം സ്നേഹമാകുന്നു എന്ന ദർശനം - പരിചയപ്പെടുത്തികൊടുക്കുവാൻ അദ്ദേഹം ലേഖനങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും ശ്രമിച്ചു. മനുഷ്യത്വത്തിന്റെ അന്തസ് എല്ലാ മനുഷ്യർക്കും ദൈവസാദൃശ്യത്തിലൂടെ ലഭിച്ചതാണെന്നും സഭയിലെ കുലീനന്മാരെയും ദരിദ്രന്മാരെയും ഓർമ്മപ്പെടുത്തുമായിരുന്നു. സുവർണ്ണ മതവിഭാഗങ്ങൾ വിദ്യയെ സ്വർഗ്ഗകുത്തകയാക്കി വേലികെട്ടിയപ്പോൾ താൻ സ്ഥാപിച്ച വിദ്യാലയങ്ങളിൽ ഒരു വേലിയും മതിലും ഉണ്ടായിക്കൂടാ എന്നും അക്ഷരദാഹികൾക്ക് അവിടെ തീർത്ഥാടനസൗകര്യം ഉണ്ടായിരിക്കണമെന്നും നമ്പൂതിരി പാരമ്പര്യം അർത്ഥശൂന്യമായി അവകാശപ്പെട്ടുകൊണ്ടിരുന്ന സുറിയാനി ക്രിസ്ത്യാനികളെ അദ്ദേഹം ബോധ്യപ്പെടുത്തി. ഒരർത്ഥത്തിൽ പറഞ്ഞാൽ പിൽക്കാലത്ത് കേരളത്തിലുണ്ടായ 'നമ്പൂതിരിയെ മനുഷ്യനാക്കുക' എന്ന പ്രസ്ഥാനത്തിന്റെ പ്രാഗല്ഭ്യം പരുമലതിരുമേനിയിൽ നമുക്ക് കാണാം. മാറ്റത്തിന് വിധേയമാവാൻ കൂട്ടാക്കാതെ പാരമ്പര്യത്തിന്റെ മതിലുകൾക്കുള്ളിൽ കഴിഞ്ഞിരുന്ന ഒരു യാഥാസ്ഥിതികസമുദായത്തെ നവീന ദർശനങ്ങളിലൂടെ വെളിച്ചം നല്കി പുതിയ ദിശാബോധങ്ങളിലേക്ക് നയിച്ചതിന്റെ ബഹുമതി പരുമലയിലെ പരിശുദ്ധൻ അർഹിക്കുന്നു.

### സ്വദേശാഭിമാനി

ഇന്ത്യയെ ബ്രിട്ടൻ ഭരിച്ചിരുന്ന കാലം. വിദേശഭരണം അടിമച്ചങ്ങലയായി അന്ന് ആരും കരുതിയിരുന്നില്ല. ഇന്ത്യൻസഭയും അന്ന് ആത്മീയ പരമാദ്ധ്യക്ഷനായി സിറിയൻ പാത്രിയർക്കീസിനെ അംഗീകരിച്ചിരുന്നു. അപ്രകാരം ചരിത്രത്തിലാദ്യമായി കേരളത്തിലെത്തിയ ഒരു പാത്രിയർക്കീസിന്റെ ദ്വിഭാഷിയാകുവാനും അദ്ദേഹത്തിൽനിന്ന് മെത്രാൻ സ്ഥാനം സ്വീകരിക്കുവാനും ചരിത്രപരമായ കാരണങ്ങളാൽ സന്നദ്ധനായി എങ്കിലും മലങ്കര മെത്രാപ്പോലീത്തായെ പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തിയതിനാൽ ആ വിദേശ സഭാദ്ധ്യക്ഷൻ മറ്റൊരു വാമനൻ ആയി അധഃപതിച്ചപ്പോൾ വിജ്യംഭിതവീര്യനായി മലങ്കര മെത്രാനൊപ്പം പാറപോലെ ഉറച്ചുനിന്ന ദേശാഭിമാനിയായിരുന്നു അദ്ദേഹം. സഹപ്രവർത്തകരായ അഞ്ചു മെത്രാന്മാരെയും പാത്രിയർക്കീസിന്റെ നീരാളിപ്പിടുത്തത്തിന്റെ ബന്ധനത്തിൽ നിന്ന് മോചിപ്പിച്ച് മലങ്കര മെത്രാന്റെ സഹായികളായി തീർക്കുന്നതിൽ പരുമലതിരുമേനി വഹിച്ച പങ്കാളിത്തം രോമാഞ്ചജനകമാണ്. കൊളോണിയൻ കാലഘട്ടത്തിൽ കൊളോണിയൻ മനോഭാവത്തിന്റെ രാക്ഷസീയമായ ആധിപത്യമോഹങ്ങളുടെ കടയ്ക്കൽ ആഞ്ഞുവെട്ടുവാനും ദേശീയമായ ഭരണസംവിധാത്തിന് മങ്ങലേൽക്കാതെ സൂക്ഷിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. 1876-ലെ മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങളെ കാറ്റിൽപറത്തിയ പാത്രിയർക്കീസിന്റെ മുടക്കുകല്പന കാറ്റിൽപറത്തുവാൻ ഫലപ്രദമായി യത്നിച്ചവരുടെ മുമ്പിൽ പരുമലപരിശുദ്ധൻ ആയിരുന്നു. പ്രാർത്ഥനയിലും ഉപവാസത്തിലും അഭിരമിച്ച

ആ മനസ്സ് പാശ്ചാത്യവല്ക്കരണത്തെയും കൊളോണിയൻ ശ്രമങ്ങളെയും ചെറുത്ത് തോല്പിക്കുവാൻ നേതൃത്വം നല്കി.

സമൂഹത്തോടുള്ള ക്രിസ്തുസഭയുടെ പ്രതിബദ്ധതയെ മൂകമെങ്കിലും ഉച്ചത്തിൽ പ്രസംഗിക്കുന്ന വ്യക്തിത്വമാണ് പരുമലയിലെ പരിശുദ്ധന്റേത്. പ്രഭാഷകനെപ്പോലെയും ദാർശനികനെപ്പോലെയും പ്രതിഭാശാലിയായ ഒരെഴുത്തുകാരന്റെയും സാന്നിധ്യമായിരുന്നു അദ്ദേഹമെന്ന് അദ്ദേഹം എഴുതിയ യാത്രാവിവരണം - ഊർശ്ലേംയാത്ര- നമ്മെ ഓർമ്മിപ്പിക്കുന്നു. വാക്ശുദ്ധി, ചിന്തശുദ്ധി, ക്രിയാശുദ്ധി എന്നീ ത്രിവിധശുദ്ധികളെയും സമൂഹശുദ്ധീകരണത്തിനുള്ള മാധ്യമങ്ങളായി തീർത്ത് 'ക്രിസ്തു എന്ന തലയോളം' മാനവികതയെ വളർത്തുവാനുള്ള ആഹ്വാനവുമായി പരുമലയിലെ പരിശുദ്ധൻ കാലത്തെ വെല്ലുവിളിക്കുന്നു. ഭക്തിക്കിങ്ങനെയും ഒരു മുഖം സാദ്ധ്യമെന്ന് നാം എന്നാണ് തിരിച്ചറിയുക?

❋

---

*(15-ാം പേജിൽ നിന്ന്.... സുന്നഹദോസ് നിശ്ചയങ്ങൾ)*

അദ്ദേഹം ആ സമൂഹത്തിൽ ഉത്തരവാദിത്വമുള്ള ഔദ്യോഗിക സ്ഥാനങ്ങൾ ഏറ്റുകൂടാത്തതും, അദ്ദേഹം ഇടവകഭരണത്തിൽ നിന്നു റിട്ടയർ ചെയ്യുന്നെങ്കിൽ അദ്ദേഹത്തിനു സമൂഹത്തിലുള്ള സജീവാംഗത്വം പുതുക്കാവുന്നതുമാകുന്നു.

**5. സൺഡേസ്കൂൾ പത്താംക്ലാസ് പാസ്സായിട്ടുള്ളവർക്ക് Weightage കൊടുക്കുന്നതിനെപ്പറ്റി**

സൺഡേസ്കൂൾ പത്താംക്ലാസ്സ് പാസ്സായിട്ടുള്ളവർക്ക് സഭവക സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, സെമിനാരികൾ മുതലായ സ്ഥാപനങ്ങളിൽ പ്രവേശനമോ നിയമനമോ നല്കുന്നതിലും മറ്റ് ഏതെങ്കിലും സ്ഥാപനത്തിൽ പ്രവേശിക്കുന്നതിനു സ്പോൺസർ ചെയ്യുന്നതിനും അഞ്ചുമതൽ പത്തുവരെ ശതമാനം മാർക്ക് ആയി കൊടുക്കേണ്ടതാണെന്ന് നിശ്ചയിച്ചു.

**6. പട്ടംകൊടയും Exemption നും**

സഭാ ഭരണഘടന അനുസരിച്ച് വൈദിക സെമിനാരി പഠനം പൂർത്തിയാക്കിയിട്ടുള്ളവർക്കു മാത്രമേ കശ്ശീശാപട്ടം കൊടുക്കാവൂ എന്നും, അതിൽനിന്നും ഒഴിവാക്കൽ അത്യാവശ്യമായി വരുകയാണെങ്കിൽ ആയതിന് പ. കാതോലിക്കബാവായുടെ രേഖാമൂലമായ അനുവാദം വാങ്ങിയിരിക്കേണ്ടതാണെന്നും തീരുമാനിച്ചു.

**7. ബാലികാസമാജവും മർത്തമറിയം സമാജദിനവും**

മർത്താമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ ബാലികാസമാജം തുടങ്ങേണ്ടതാണെന്നും ആഗസ്റ്റ് 15-ാം തീയതി ആയ ശൂനോയോ പെരുന്നാൾ ദിവസം (ദൈവമാതാവിന്റെ വാങ്ങിപ്പ്) മർത്തമറിയം സമാജദിനമായി വേർതിരിക്കണമെന്നും തീരുമാനിച്ചു.

# IV

## 1978 ഫെബ്രുവരി സുന്നഹദോസ്

**1. സാമ്പത്തികവർഷം**

പ. സുന്നഹദോസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എല്ലാ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സാമ്പത്തിക വർഷം ഏപ്രിൽ ആദ്യം മുതൽ മാർച്ച് അവസാനം വരെ ആയിരിക്കണം.

**2. റമ്പാന്മാരുടെയും മറ്റ് വൈദീകഗണങ്ങളുടെയും വേഷങ്ങൾ**

1) റമ്പാന്മാർക്ക് യാത്രാസമയത്ത് കറുത്ത അകക്കുപ്പായത്തിനുപുറമേ ഒതുക്കമുള്ള വെള്ള ളോഹയും കറുത്ത ഇടക്കെട്ടും മസനപ്സായുടെ മകളിൽ ഇറക്കമുള്ള കറുത്ത പടിത്തൊപ്പിയും ധരിക്കാവുന്നതാണ്.

2) പ്രത്യേക സാഹചര്യം നിമിത്തം വൈദികർക്ക് ലൗകിക (Secular) ഉദ്യോഗങ്ങൾ ചെയ്യേണ്ടതായി വന്നാൽ അപ്രകാരം ചെയ്യുന്നതിനും, അവരുടെ ലൗകിക ജോലിസമയത്ത് വൈദിക വേഷം ഉപയോഗിക്കുവാൻ നിവൃത്തിയില്ലാത്ത സാഹചര്യങ്ങളിൽ സൗകര്യമുള്ള സാധാരണ വേഷം ധരിക്കുന്നതിനും ഇടവക മെത്രാപ്പോലീത്തായുടെ ശുപാർശ അനുസരിച്ച് പ. കാതോലിക്കാബാവായ്ക്ക് അവരെ അനുവദിക്കാവുന്നതാണ്.

3) കശീശ്ശാന്മാരുടെയും പൂർണ്ണശെമ്മാശന്മാരുടെയും മറ്റു കീഴ്സ്ഥാനികളുടെയും സാധാരണ വേഷം കാൽചട്ടയും, ഷർട്ടും, അവയ്ക്കുപുറമെ വെള്ള കുപ്പായവും അതായത് കമ്മീസും ആയിരിക്കണം. കമ്മീസിനു പകരം വെള്ള കാസക്കോ, വെള്ള ളോഹയോ ധരിക്കുന്നുവെങ്കിൽ, കശീശ്ശന്മാരും പൂർണ്ണ ശെമ്മാശന്മാരും കറുത്ത ഇടക്കെട്ടും, മറ്റു കീഴ്സ്ഥാനികൾ വെള്ള ഇടക്കെട്ടും ധരിക്കേണ്ടതാകുന്നു.

*(തുടരും.....)*

❋

# രാഷ്ട്രീയ രംഗത്ത് സഭയുടെ ഭാഗഭാഗിത്വം

വെരി. റവ. പി.യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പ

ഒരു രാജ്യത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ സജീവമായി പങ്കെടുക്കുക എന്നത് ക്രിസ്തീയ പൗരത്വത്തിൽ നിന്നന്യമല്ല. സമൂഹത്തിന്റെ അംഗങ്ങൾ എന്ന നിലയിലും ക്രിസ്ത്യാനികളുടെ ഭാഗഭാഗിത്വം നിർണ്ണയിയ്ക്കുന്നത് രാഷ്ട്രത്തിലെ പൗരത്വമോ താൽക്കാലിക ലക്ഷ്യങ്ങളോ മാത്രമല്ല; രാഷ്ട്രീയ ഭാഗഭാഗിത്വത്തിനുള്ള ഉത്തരവാദിത്വം ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം സമൂഹത്തെ ദൈവഹിതാനുസരണം രൂപാന്തരപ്പെടുത്തുന്ന പ്രക്രിയയിലുള്ള പങ്കാളിത്വമാണ്. രാഷ്ട്രീയവും സംഘടനാ പ്രവർത്തനങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള ആത്മീയതയും, വിശ്വാസത്തെ അവഗണിച്ചുകൊണ്ടുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളും, ജനങ്ങളുടെ ജീവിത യാഥാർത്ഥ്യത്തിനു നിരക്കുന്നതല്ല.

ചരിത്രത്തിൽ ദൈവത്തിന്റെ സുവ്യക്തമായ ഉദ്ധാരണപ്രവർത്തിയെയാണ് ക്രിസ്തുവിന്റെ ജഡാവതാരം പ്രതിനിധാനം ചെയ്യുന്നത്. യേശുക്രിസ്തുവിന്റെ ജീവിതത്തിലും, മരണത്തിലും, ഉയർത്തെഴുന്നേൽപ്പിലും കൂടെ മനുഷ്യനെ ദൈവവുമായി അനുരഞ്ജിപ്പിച്ചിരിക്കുന്നു. അതോടൊപ്പം മനുഷ്യന് മനുഷ്യനായും മറ്റെല്ലാസൃഷ്ടികളുമായും അനുരഞ്ജനം സാധ്യമായിരിക്കുന്നു. അതിനാൽ മനുഷ്യന്റെ എല്ലാ പ്രവർത്തനമേഖലകളും ദൈവഹിതാനുസരണം രൂപാന്തരപ്പെടുത്തേണ്ടതാണ്. രാഷ്ട്രീയരംഗത്തെ സംബന്ധിച്ചിടത്തോളം സഭയ്ക്ക് തീർച്ചയായും ഈ ബാദ്ധ്യതയുണ്ട്. "എല്ലാ മനുഷ്യരുടേയും കൂട്ടായ സഹവർത്തിത്വമാണ് രാഷ്ട്രീയ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നതെങ്കിൽ സഭയ്ക്ക് രാഷ്ട്രീയത്തിലുള്ള പങ്കാളിത്വം അനിവാര്യമാണ്. സഭയ്ക്ക് രാഷ്ട്രീയം അവഗണിക്കുവാൻ കഴിയാത്തതിന്റെ പ്രധാനകാരണം അത് ഏതെങ്കിലും ഒരു പ്രത്യേക മതത്തെ പ്രതിനിധാനം ചെയ്യുന്നില്ല എന്നുള്ളതാണ്". (Andre Dumas, Political theology and the life of the church)

സാമൂഹ്യവ്യതിയാനത്തിനും സാമ്പത്തിക പുരോഗതിക്കുമുള്ള ഏറ്റവും ഫലപ്രദമായ പ്രവർത്തനരംഗം രാഷ്ട്രീയമാണ്. നിർണ്ണായക സമരങ്ങൾ നടക്കുന്നതും, അധികാരം ലഭിയ്ക്കുന്നതും, വിനിയോഗിക്കപ്പെടുന്നതും ഈ രംഗത്തുതന്നെയാണ്. ഘടനാപരമായ വ്യതിയാനങ്ങളിൽ താത്പര്യമുള്ള ഒരു സഭ രാഷ്ട്രീയ സ്പർശമില്ലാതെ സാമൂഹ്യരംഗത്ത് ഒതുങ്ങി നിന്ന് പ്രവർത്തിച്ചുകൊള്ളാമെന്നു പറയുന്നതിൽ അർത്ഥമില്ല. യാഥാർത്ഥിൽ സാമൂഹ്യപ്രവർത്തനം നമ്മെ രാഷ്ട്രീയ രംഗത്ത് എത്തിയ്ക്കുക തന്നെചെയ്യും. പരമ്പരാഗതമായ കുറെ സാമൂഹ്യ സേവനവുമായി കഴിഞ്ഞുകൂടാൻ സാധിക്കുകയില്ലെന്നു പറയുന്നില്ല. ഇതാണ് കേരളത്തിലെ സഭകൾ ഇന്ന് ചെയ്തുവരുന്നത്. സാമൂഹ്യരംഗത്തും രാഷ്ട്രീയരംഗത്തും ഫലപ്രദമായ സാക്ഷ്യം നിർവഹിക്കുവാൻ കഴിയാതെ പോകുന്നതും ഇതുകൊണ്ടുതന്നെയാണ്.

ഇൻഡ്യൻ രാഷ്ട്രീയ രംഗത്ത് ക്രൈസ്തവ സഭകൾ ഇതിനു മുമ്പുണ്ടായിട്ടുള്ളതിൽ കൂടുതൽ സജീവമായ ബന്ധം പുലർത്തേണ്ടിയിരിക്കുന്നു. രാഷ്ട്രത്തിന്റെ ജീവിതത്തിലുള്ള ക്രിസ്തീയ ഭാഗഭാഗിത്വം ഒരു ധാർമ്മിക ഉത്തരവാദിത്വവും ദേശീയ കർത്തവ്യവുമാണ്. ഇത് ക്രിസ്തീയ സമൂഹത്തിന്റെ താല്പര്യങ്ങൾ രക്ഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമുദ്ദേശിച്ചുള്ളതല്ല. അതിന്റെ അന്തിമമായ ലക്ഷ്യം രാഷ്ട്രത്തിന്റെ നന്മയും ദൈവരാജ്യത്തിന്റെ സേവനവുമാണ്. രാഷ്ട്രത്തിലെ പൗരന്മാരെന്ന നിലയിൽ രാഷ്ട്രത്തെപ്പറ്റിയുള്ള ദൈവഹിതത്തോടു വിശ്വ

സ്തത പുലർത്തുവാൻ സഭാംഗങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. ഈ കർത്തവ്യം നിർവ്വഹിക്കുന്നതിനാവശ്യമായ പരിശീലനം അംഗങ്ങൾക്ക് നല്കേണ്ട ചുമതല സഭയ്ക്കുണ്ട്.

## രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ ആവശ്യകത

രാഷ്ട്രീയകാര്യങ്ങളിൽ ക്രിസ്തീയ സമൂഹത്തിന് വിദ്യാഭ്യാസം നല്കുന്നതിനും, മതേതര ജനാധിപത്യ രാഷ്ട്രീയകക്ഷികളിൽ സജീവമായി പ്രവർത്തിക്കുന്നതിന് അംഗങ്ങളെ സഹായിക്കുന്നതിനും സഭയ്ക്കു ചുമതലയുണ്ട്. രാഷ്ട്രീയ കക്ഷികളുടെ പരിപാടികളെപ്പറ്റിയും ദേശീയ പുരോഗതിയിൽ അവ എന്ത് പങ്കു വഹിക്കുന്നു ഇതിനെപ്പറ്റിയും ക്രിസ്തീയ സമ്മതിദായകർ വിജ്ഞാനം സമ്പാദിയ്ക്കേണ്ടിയിരിക്കുന്നു. ഈ വിജ്ഞാനം എല്ലാ നിലവാരത്തിലുമുള്ള (പ്രാദേശികം, സ്റ്റേറ്റ്, അഖിലേന്ത്യാ) എല്ലാ തെരഞ്ഞെടുപ്പുകളിലും വിവേകത്തോടും ഉത്തരവാദിത്വത്തോടും കൂടി വോട്ടുചെയ്യുവാൻ സഹായിക്കും. ക്രൈസ്തവർക്ക് രാഷ്ട്രീയ രംഗത്ത് ഭാഗഭാഗിത്വം വഹിക്കുന്നതിന് ആവശ്യമായിരിക്കുന്നത്, സഭ അതിന്റെ അംഗങ്ങൾക്ക്, പ്രത്യേകിച്ച് യുവജനങ്ങൾക്ക് നല്കേണ്ട രാഷ്ട്രീയ വിദ്യാഭ്യാസമാണ്. സഭ രാഷ്ട്രീയ രംഗത്ത് സാക്ഷ്യം വഹിക്കുന്നത്, സഭാംഗങ്ങൾ പൗരനെന്ന നിലയിൽ ഉള്ള തങ്ങളുടെ ഉത്തരവാദിത്വം ദേശീയവും അന്തർദേശീയവുമായ തലത്തിൽ നിർവഹിക്കുന്നതിലൂടെയാണ്.

ക്രിസ്തീയ സമൂഹത്തിലെ സാധാരണ അംഗങ്ങളുടെ പ്രവർത്തനത്തിന് സഹായകരമാംവിധം ദേശീയ പ്രാധാന്യമുള്ള എല്ലാ വിഷയങ്ങളെപ്പറ്റിയും കേന്ദ്രത്തിലും സ്റ്റേറ്റുകളിലുമുള്ള ഗവൺമെന്റുകളുടെ പദ്ധതികളേയും നയങ്ങളെയും കുറിച്ച് ക്രിസ്തീയ അഭിപ്രായം വ്യക്തമായി പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യ പുരോഗതിക്കു നിദാനമായ പരിപാടികളിൽ പങ്കെടുക്കുവാനും സ്വീകാര്യമായ നയങ്ങൾക്ക് സജീവ പിന്തുണ കൊടുക്കുവാനും ഇത് അവർക്ക് പ്രേരണ നല്കും.

രാഷ്ട്രം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റിയും, ഉത്തരവാദിത്വപൂർണ്ണമായ പൗരത്വത്തിന്റെ കർത്തവ്യങ്ങളെപ്പറ്റിയും പഠിക്കുവാനുള്ള വേദികൾ സഭാതലത്തിൽ ഉണ്ടാകുന്നത് അഭിലഷണീയമാണ്. വിവിധ സഭാവിഭാഗങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്ന നാഷണൽ ക്രിസ്ത്യൻ കൗൺസിൽ, വൈ.എം.സി.എ., വൈ.ഡബ്ലിയു.സി.എ. തുടങ്ങിയ സംഘടനകൾക്കും സമകാലീന രാഷ്ട്രീയ പ്രശ്നങ്ങളിൽ ക്രിസ്തീയാഭിപ്രായം രൂപീകരിക്കുന്നതിലും ക്രിസ്തീയ സമൂഹത്തിന്റെ രാഷ്ട്രീയ വിദ്യാഭ്യാസത്തിലും വലിയൊരു പങ്കു വഹിക്കുവാനുണ്ട്

(തുടരും....)

❇

## പരിശുദ്ധ പരുമല തിരുമേനി

ലൗകീകമായ ബുദ്ധിസാമർത്ഥ്യം, കർമ്മകുശലത, ചൊടിപ്പ്, വാചാലത, നേട്ടങ്ങൾ ആദിയായവയെക്കാൾ മനുഷ്യരുടെ സ്ഥായിയായ സ്നേഹാദരങ്ങളെ ആർജ്ജിക്കുന്നത് ആന്തരികമായ ദൈവഭക്തിയും ജീവിത നൈർമ്മല്യവുമാണെന്നുള്ളതിന് അനേകം ഉദാഹരണങ്ങൾ നമ്മുടെ ചുറ്റും കാണാനുണ്ട്. ലൗകികങ്ങളായ സാമർത്ഥ്യ വിശേഷങ്ങൾ വെറും പുറംപൂച്ചുപോലെ താല്ക്കാലികമായ ഒരു ശോഭ കാണിച്ചിട്ട് മാറുകയേയുള്ളൂ. എന്നാൽ ആന്തരീകമായ ആത്മ വിശുദ്ധിയാകട്ടെ നിലവിലിരിക്കുന്ന പരിസരങ്ങളിലും ഭാവിതലമുറകളിലും വെളിച്ചം വീഴ്ത്തിക്കൊണ്ടിരിക്കും. അങ്ങിനെയുള്ള പുണ്യാത്മാക്കൾ തലമുറകളിൽ വല്ലപ്പോഴും മാത്രമേ ആവിർഭവിക്കാറുള്ളു. അവർ മനുഷ്യസമുദായത്തിന്റെ കെടാവിളക്കുകളാണ്. മലങ്കര സഭാ ചരിത്രത്തിന്റെ ആകാശവീഥയിൽ ഇക്കഴിഞ്ഞ ഒരു ശതാബ്ദത്തിന്റെ പൂർവ്വാദ്ധത്തിൽ ശോഭിച്ചു നിന്ന ഒരു ധ്രുവ നക്ഷത്രമായിരുന്നു പുണ്യാത്മാവായ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

- കെ.സി. മാമ്മൻമാപ്പിള

# സന്യാസ പ്രസ്ഥാനത്തിന് ഒരാമുഖം

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

## മുഖവുര

സന്യാന പ്രസ്ഥാനം എല്ലാ മതങ്ങളിലും കാണുന്ന ഒരു സാർവ്വത്രിക പ്രതിഭാസമാണ്. പ്രത്യേകിച്ച്, ക്രിസ്തീയ സഭയുടെ ഏറ്റം ധന്യമായ ഒരു സമ്പത്താണ് സന്യാസ പ്രസ്ഥാനം. സഭയുടെ അദ്ധ്യാത്മിക വളർച്ചയിൽ എക്കാലത്തും നിർണ്ണായകമായ ഒരു പങ്കുവഹിക്കുവാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. ആത്മിക ശക്തികേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്ന സന്യാസാശ്രമങ്ങൾ പ്രശ്നങ്ങളുടേയും പീഡനങ്ങളുടെയും പ്രതിബന്ധങ്ങളുടെയും കാലഘട്ടങ്ങളിൽ സഭയ്ക്ക് ആത്മീക ഉണർവും ശക്തിയും പ്രത്യാശയും ധൈര്യവും പകർന്നുകൊണ്ടിരുന്നു. നാം ഇന്ന് സശ്രദ്ധം കാത്തുസൂക്ഷിയ്ക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന വേദശാസ്ത്രസത്യങ്ങളുടെ വിശദീകരണങ്ങളും പ്രാർത്ഥനകളുടെ കൂമ്പാരങ്ങളും പഞ്ചേന്ദ്രീയാധിഷ്ഠിതമായ ആരാധനാ സംവിധാനവും എല്ലാം തന്നെ സഭയിലെ ആദ്യകാല സന്യാസ പിതാക്കന്മാരുടെ സംഭാവനകളാണ്. സമൃദ്ധിയായി പഴങ്ങൾ കായ്ക്കുന്ന കല്പവൃക്ഷങ്ങൾ കണക്കിലധികം കല്ലേറ് ഏല്ക്കേണ്ടിവരുമെന്ന സാധാരണ ലോകതത്വമനുസരിച്ച് സാധാരണക്കാരുടെ നിരൂപണങ്ങൾക്കും വിമർശന ശരങ്ങൾക്കും മറ്റേതിനേക്കാളുമുപരി സന്യാസ പ്രസ്ഥാനവും ഇരയായിത്തീർന്നിട്ടുണ്ട്. വൈവാഹിക ജീവിതത്തെയും ലൈംഗികതെയും കുറിച്ചുള്ള ആരോഗ്യകരമായ ക്രിസ്തീയ വീക്ഷണത്തോട് മൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉടലെടുത്ത മാനിക്കേയൻ ചിന്താഗതി (Manichaism)ക്ക് നിഷേധാത്മകമായ ഒരു സമീപനമാണുണ്ടായിരുന്നത്. തെറ്റായ ഈ മാനിക്കേയൻ ചിന്താഗതി ക്രിസ്തീയ സന്യാസ വീക്ഷണത്തെയും സ്വാധീനിച്ചതിന്റെ ഫലമായി അതിനെ അപധനസഞ്ചാരം ചെയ്യിച്ചിട്ടുണ്ട്. എന്നിരുന്നാൽത്തന്നെയും സഭയുടെ വളർച്ചയ്ക്ക് സന്യാസ പ്രസ്ഥാനത്തിന്റെ അനിവാര്യത സഭാചരിത്രം അനിഷേധ്യമായി സ്ഥാപിച്ചിട്ടുള്ളതാണ്. ജോലിയുടെ മാന്യത, സേവനത്തിന്റെ മഹത്വം, വിനയത്തിന്റെ ഔന്നത്യം, അനുസരണത്തിന്റെ വിജയം, സമ്പത്തിന്മേലുള്ള മാനസിക സ്വാതന്ത്ര്യം, സാധുജന സംരക്ഷണം, ത്യാഗപൂർണ്ണമായ വിദ്യാഭ്യാസം, സംഗീതം, ചിത്രരചന തുടങ്ങിയ സുകുമാര കലകളുടെ പ്രോത്സാഹനം, കവിത, നാടകം, ആഖ്യായികൾ തുടങ്ങിയ സാഹിത്യാവിഷ്ക്കരണങ്ങളിലുള്ള മാർഗ്ഗദർശനം എന്നിങ്ങനെ നമ്മുടെ ആധുനിക സംസ്ക്കാരത്തിന്റെ മിക്കവാറും എല്ലാ സവിശേഷതകളുടെയും ഈറ്റില്ലമായിത്തീർന്നിട്ടുള്ളതാണ് സന്യാസ പ്രസ്ഥാനം. അനിയന്ത്രിതമായ പ്രാപഞ്ചികാസ്വാദന തൃഷ്ണയുടെയും ലൈംഗീക അരാജകത്വത്തിന്റെയും ചുഴിയിൽപ്പെട്ട് നട്ടം തിരിയുന്ന ആധുനിക ലോകത്തിന് മറ്റെന്നത്തേക്കാളുമുപരി ഇന്ന് സന്യാസ പ്രസ്ഥാനത്തിന്റെ സംഭാവനകളാണ് ആവശ്യമായിരിക്കുന്നത്. ഉപഭോജ്യവസ്തുക്കളിന്മേൽ ഉത്തരവാദപൂർണ്ണമായ ബോദ്ധ്യത്തോടെ മാനസീകമായ സ്വാതന്ത്ര്യം നേടിയെടുക്കുവാനുള്ള ആത്മീക ശിക്ഷണം ആധുനിക ലോകത്തിന് പ്രദാനം ചെയ്യുവാൻ സന്യാസ ജീവിത തത്വങ്ങൾക്കിന്നും കഴിയും. ആയതിനാൽ സന്യാസപ്രസ്ഥാനത്തിന്റെ കഴിഞ്ഞുപോയ മഹത്വ കാലഘട്ടങ്ങളെക്കുറിച്ച് സ്തുതിപാടിക്കൊണ്ടിരിക്കയല്ല, പ്രത്യുത അതിന്റെ ആധുനിക ലോകത്തിനുള്ള സാംഗത്യത്തെ ബോധപൂർവ്വം മനസ്സിലാക്കി അനുഭവവേദ്യമാക്കിത്തീർക്കുകയാണ് നമുക്കുള്ള ഇന്നത്തെ ഉത്തരവാദിത്വം.

### 1. പദപരിചയം

സന്യാസി മൗലികമായും ഏകാന്തവാസിയാണ്. ഗ്രീക്കുഭാഷയിൽ 'മൊണാക്കോസ്', 'ഹെർമിറ്റിസ്' എന്നീ പദങ്ങളും സുറിയാനിയിൽ 'ഈഹിദോയോ' എന്നതും ഈ അർത്ഥത്തിൽ ഉപയോഗിയ്ക്കുന്നു. 'മോണി' (വാസസ്ഥലം) എന്ന ഗ്രീക്കു പദത്തിൽ നിന്നും 'മൊണാസ്റ്റീറയോൺ' (മൊണാസ്റ്ററി) എന്നത് ഒരു ഏകാന്തവാസികളുടെ പാർപ്പിടത്തിനുണ്ടായ സാങ്കേതിക പദമാണ്. സമാനമായ സുറിയാനി വാക്കാണു 'ദയറ'. പിൻകാലത്ത് ഏകാന്തവാസികൾ ഒരേ സ്ഥലത്ത് ഓരോരുത്തരും അവരവരുടേതായ മുറികളിൽ, ഒരുമിച്ചു പാർക്കുന്ന രീതി (Cenobitic Monasticism) ഉണ്ടായപ്പോഴും, സാങ്കേതിക പദത്തിനു വ്യത്യാസം ഉണ്ടാകാതെ തുടർന്നു. ഇപ്രകാരം 'ദയറ' എന്ന വാക്ക് ഓരോരുത്തരുടെ മുറികൾക്കു പ്രത്യേകമായും എല്ലാവരുടേയും കൂടെയുള്ള താമസസ്ഥലത്തിനു പൊതുവായും ഉപയോഗിച്ചു തുടങ്ങി. സന്യാസ ജീവിത ശൈലിയ്ക്ക് 'ദയറോയൂസോ' എന്നും പറഞ്ഞു തുടങ്ങി. നാലാം നൂറ്റാണ്ടുമുതൽ പണ്ഡിതരായ സന്യാസിമാർ ഓരോ ദയറാകളിലും മാറിമാറിത്താമസിച്ച് സഭാ

വിശ്വാസം പഠിപ്പിക്കുന്ന രീതി പ്രചാരമായി. ഇവരെ 'അക്സനോയെ' എന്നു വിളിച്ചിരുന്നു. 'വിദേശി' എന്നുമാത്രം മൂലാർത്ഥമുള്ള ഈ പദത്തിന് വ്യംഗ്യാർ ത്ഥങ്ങൾ രണ്ടുണ്ട്. ഓരോ ആശ്രമത്തിലും ചെല്ലുമ്പോൾ അയാൾ ആശ്രമാംഗമല്ലാത്തതിനാൽ ആ അർത്ഥത്തിലും ഈ ലോകം വിദേശമായിരിക്കുന്നവനാണ് സന്യാസി എന്ന അർത്ഥത്തിലും ഈ നാമം ഉപയോഗിച്ചു. വിദേശി എന്നർത്ഥം വരുന്ന ക്സേനോസ് ആണ് ഇതിന്റെ ഗ്രീക്കു മൂലം. അഞ്ചാം നൂറ്റാണ്ടായപ്പോഴേയ്ക്കും അക്സനോയോ ഒരു ക്രിസ്തീയ സഞ്ചാര സന്യാസയുടെ സാങ്കേതിക പദമായും അറിയപ്പെട്ടുതുടങ്ങി. വിലാപക്കാരൻ (എബിലോനോയോ) ഭിക്ഷു (അനുവോയോ) സ്തൂപക്കാർ (എസ്തുനോയോ) ഇപ്രകാരമുള്ള വാക്കുകൾ സന്യാസ ജീവിത ശൈലിയിൽ ഓരോരുത്തരും തെരഞ്ഞെടുത്ത രീതിയനുസരിച്ച് അവരവർക്കു ലഭിച്ച സാങ്കേതിക പദങ്ങളാണ്.

### സന്യാസ പ്രസ്ഥാനം – ക്രിസ്തുവിന് മുമ്പ്

#### (a) ബുദ്ധ സന്യാസം

പൗരാണിക ലോകത്തിൽ ഏറ്റം പ്രധാനപ്പെട്ട സുസംഘടിതമായ സന്യാസ പ്രസ്ഥാനം ബുദ്ധമതത്തിലാണ് ഉണ്ടായത്. ശ്രീബുദ്ധൻ (563-483 BC) തന്നെ അതിന് തുടക്കമിട്ടു. പ്രതിജ്ഞകളെടുത്ത് കാവിവസ്ത്രം ധരിച്ച് ആജീവനാന്തം ദാരിദ്രവും പാതിവ്രത്യവും അഭംഗുരം അനുഷ്ഠിക്കുവാൻ തയ്യാറുള്ള സന്യാസിമാരുടെ സമൂഹത്തിന് 'സംഘം' എന്നു പേരു വിളിച്ചിരുന്നു. സ്വന്തമായി ധനം സൂക്ഷിക്കുവാൻ അനുവാദം ഇല്ലാതിരുന്ന അവർ രാവിലെ മുതൽ ഉച്ചവരെ എല്ലാദിവസവും ഭിക്ഷയെടുക്കുകയും ഉച്ചയ്ക്ക് തനിയെ ആഹാരം പാകം ചെയ്തു ഭക്ഷിച്ചശേഷം പ്രാർത്ഥനയിലും ധ്യാനത്തിലും ദിവസത്തിന്റെ ബാക്കി ഭാഗം ചെലവിടണമെന്ന് അനുശാസിക്കുന്നു. ജൂൺ മുതൽ ഒക്ടോബർ വരെയുള്ള കാലഘട്ടത്തിൽ താല്ക്കാലികമായ വാസസ്ഥലങ്ങളുണ്ടാക്കാമെന്നല്ലാതെ മറ്റു സമയങ്ങളിൽ സ്ഥിരവാസത്തിനുള്ള വീടുണ്ടാക്കുവാൻ അനുവദിച്ചിരുന്നില്ല. അഹങ്കാരം ഒഴിവാക്കാനും വിനയം കൈവരിയ്ക്കുവാനുള്ള ഏക മാർഗ്ഗം ഭിക്ഷ യാചിക്കലാണെന്ന് പഠിപ്പിച്ചു. ഭിക്ഷ യാചിക്കാത്ത മൺസൂൺ കാലഘട്ടത്തിൽ രണ്ടാഴ്ചയിലൊരു പ്രാവശ്യം (രണ്ടു ദിവസം) വളരെ കഠിനമായ ഉപവാസം അനുഷ്ഠിക്കണം. ഉപവാസാവസാനം ബുദ്ധനിയമങ്ങൾ എല്ലാവരും കേൾക്കെ വായിക്കുകയും നിയമം ലംഘിച്ചവർ. ഓരോന്നിനും നിയമസംഹിതയിൽ പറയുന്ന ശിക്ഷയും പ്രായശ്ചിത്തവും സ്വയം നിശ്ചയിച്ചു നടപ്പാക്കുകയും വേണം. സ്ഥാനാർത്ഥി, ഭിക്ഷു, തേര, മഹാതേര എന്നിങ്ങനെ വിവിധ ആരോഹണ ഘട്ടങ്ങൾ ബുദ്ധസന്യാസത്തിലുണ്ട്.

'വിനയപിതാക' എന്ന ബുദ്ധസന്യാസ നിയമസംഹിത അതിപുരാതനവും അനുപമവുമാണ്. ബുദ്ധസന്യാസ സംഘത്തിലെ അംഗങ്ങളുടെ ബാഹ്യജീവിത നിയമങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. സന്യാസികൾക്കും സന്യാസിനികൾക്കും യഥാക്രമം ഭിക്ഷുപതിമോക്ഷ, ഭിക്ഷുണിപതിമോഷ എന്നീ പ്രകാരം രണ്ടു പ്രായശ്ചിത്ത സംഹിത ഇതിലുൾപ്പെടുന്നു. സന്യാസിയും സന്യാസിനിയും ചെയ്യുന്ന തെറ്റുകളുടെ ശിക്ഷയും പ്രായശ്ചിത്തവും പട്ടികയായി ക്രമീകരിച്ചിരിക്കുന്നു. ഇപ്രകാരം എല്ലാത്തരത്തിലും വളരെ ഉന്നത ആത്മിക നിലവാരം പുലർത്തിയിരുന്ന ഒന്നായിരുന്നു പുരാതന ബുദ്ധസന്യാസം.

#### (b) ഹൈന്ദവ സന്യാസ പ്രസ്ഥാനം

വേദങ്ങളിൽ ഹൈന്ദവ വർണ്ണാശ്രമധർമ്മങ്ങളെക്കുറിച്ച് വ്യക്തമായ പഠിപ്പിക്കലുകൾ ഇല്ലെങ്കിലും ബ്രഹ്മചാരി, ഗൃഹപതി, മുനി എന്നീ ആശ്രമ ധർമ്മങ്ങളെക്കുറിച്ച് ഒറ്റപ്പെട്ട സൂചനകൾ ഉണ്ട്. കർമ്മ മാർഗ്ഗത്തെയും ഭക്തിമാർഗ്ഗത്തെയുംകാൾ മോക്ഷപ്രാപ്തിയ്ക്കു ശ്രേഷ്ഠം ജ്ഞാനമാർഗ്ഗമാണെന്നും അതിന്റെ അത്യുച്ചകോടിയിലെത്തുന്ന ജീവിതാവസ്ഥയാണ് സന്യാസമെന്നും ഹൈന്ദവ ശാസ്ത്രം പഠിപ്പിക്കുന്നു. മഹദ്സത്യങ്ങൾ ലോകത്തിന് പ്രദാനം ചെയ്ത മഹർഷീശ്വരന്മാരോടുള്ള കടം വീട്ടുവാൻ ബ്രഹ്മചാര്യശ്രമവും (വേദങ്ങൾ പഠിക്കുന്ന വിദ്യാർത്ഥി), ബലിപൂജാതികൾ മൂലം ദൈവങ്ങളോടും കുടുംബപരിപാലനം വഴി പിതൃക്കളോടും ഉള്ള കടം വീട്ടുവാൻ ഗൃഹസ്ഥാശ്രമവും കഴിഞ്ഞ് ബ്രഹ്മദർശന സായൂജ്യത്തിനു, ലോകപരിത്യാഗിയായി വനവാസം എന്ന വാനപ്രസ്ഥാശ്രമത്തിലും കൂടി സന്യാസാശ്രമമെന്ന ഉത്തംഗപടിയിലെത്തുന്ന വ്യക്തി ബ്രഹ്മാവിൽ ഒന്നായി അലിഞ്ഞുചേർന്ന് മുക്തി നേടുന്നു. ഒരു സാധാരണ മനുഷ്യന് പത്തു ദശലക്ഷം ജന്മങ്ങൾ മുഖാന്തിരം നേടിയെടുക്കുന്നതിനേക്കാൾ ശ്രേഷ്ഠമായ ആത്മീയ ഭാഗ്യവസ്ഥയാണ് സന്യാസം ചെയ്യുന്നതെന്ന് അവകാശപ്പെടുന്നു. ദീർഘനാളത്തെ ആത്മപരിശോധനയ്ക്കു ശേഷമേ ആരും സന്യാസം സ്വീകരിക്കാവൂ എന്ന് അനുശാസിക്കുന്നു. സൂര്യനു മുകളിലെ മഴക്കാറുപോലെയും ശാന്തജല നിരപ്പിനു മുകളിലെ മഴക്കാറുപോലെയും വസ്തുക്കളുടെ മുകളിലെ ചിലന്തിവലപോലെയും നമ്മിൽ കുടികൊള്ളുന്ന ലോകത്തോടുള്ള അടുപ്പം ആത്മീയതയ്ക്കു വിഘാതമായി നിൽക്കുന്നവയാകയാൽ അവയിൽ നിന്നുള്ള വിടുതൽ പരമാത്മനിൽ ലയിക്കുവാൻ അനിവാര്യമാണെന്നു പഠിപ്പിക്കുന്നു. യോഗധ്യാനത്തിലൂടെ ഇതിന്നായി ശ്രമിക്കുന്ന സന്യാസി സാലോക്യ (സ്ഥലവുമായുള്ള ഏകീഭാവം) അനുഭവത്തിൽകൂടി ബ്രഹ്മ സാന്നിദ്ധ്യ ബോധമാകുന്ന സാമീപ്യാനുഭവത്തിൽ ഏറെനാൾ കഴിഞ്ഞശേഷം

ബ്രഹ്മ സ്വഭാവസത്യങ്ങളോടു താൻ സാമ്യമുള്ളവനും ഒരു പരിധിവരെ അവ പങ്കുവയ്ക്കുന്നവനുമാണെന്നുള്ള അവബോധത്തിന്റെ സാരൂപ്യാവസ്ഥയിലെത്തുകയും തുടർന്ന് ബ്രഹ്മനിൽ ലയിച്ച് ഒന്നായിത്തീരുന്ന സായൂജ്യാവസ്ഥയെ പ്രാപിക്കുകയും ചെയ്യുന്നു. ഉലയിൽ ഉരുക്കി സ്വർണ്ണം മാറ്റുകൂട്ടിയെടുക്കുന്നതുപോലെ വിവിധ ജന്മങ്ങളിൽ കൂടി ഓരോ ജീവാത്മാവും സന്യാസത്തിലെത്തുന്നു.

അഷ്ടയോഗം, തപസ്സ് മുതലായവ കർശന ധ്യാന മാർഗ്ഗങ്ങളായി സന്യാസി എടുക്കുന്നവയെല്ലാം ബ്രഹ്മസംയോജനത്തിന് അവനെ സഹായിക്കുന്നു. ലോകത്യാഗവും നിരപേക്ഷതയും ഹൈന്ദവ സന്യാസത്തിന്റെ മുഖമുദ്രകളാണ്.

### (c) ജൈന സന്യാസ പ്രസ്ഥാനം

ബ്രഹ്മണ മേധാവിത്വത്തിനെതിരായി ബി.സി. 9–ാം നൂറ്റാണ്ടിൽ പാർസവൻ എന്ന ക്ഷത്രിയൻ ആരംഭിച്ച ആത്മീയ ഉണർവ്വുസന്യാസപ്രസ്ഥാനത്തെ സുമാർ 250 വർഷങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ അനുയായികളുടെ ഒരു പുത്രനായ വർദ്ധമാനൻ പുനർജിവിപ്പിച്ചതാണ് ജൈനസന്യാസ പ്രസ്ഥാനം. ജൈനമതത്തിലെ തീവ്രവാദികളായിരുന്ന വർദ്ധമാന്റെ മാതാപിതാക്കൾ അദ്ദേഹത്തിന് 31 വയസ്സായപ്പോൾ 'മരണം വരെ ഉപവാസം' എന്ന കർശന ശിക്ഷണത്തിൽ പ്രവേശിപ്പിച്ചിരുന്നു. ബന്ധനങ്ങളിൽ നിന്നു മോചനം പ്രാപിച്ചവൻ എന്ന അർത്ഥത്തിൽ ജിനൻ എന്ന പേര് അദ്ദേഹം തന്റെ അനുയായികളിൽ നിന്നും സ്വീകരിച്ചു. കൂടാതെ മഹാവീരൻ എന്ന നാമവും അവർ അദ്ദേഹത്തിനു നല്കി.

ഓരോ വ്യക്തിയും ആത്മശിക്ഷണത്തിലൂടെ ജീവൻ അഥവാ ആനന്ദാവസ്ഥ പ്രാപിക്കുമ്പോൾ അയാളെ ജിനൻ എന്നു വിളിക്കാം. ജയിച്ചവൻ എന്നേ ഇതിനർത്ഥമുള്ളു. ശരീര പീഠനത്തിലൂടെ ജീനാവസ്ഥയിലെത്തുന്നതിനുള്ള മാർഗ്ഗം ഏറ്റം കർശനമായി പാലിച്ചിട്ടുള്ള സന്യാസ പ്രസ്ഥാനം ഇതിനു സമാനമായി മറ്റൊന്നില്ലെന്നു തന്നെ പറയാം. സന്യാസികളും സന്യാസിനികളുടെ വളരെ കർശനമായ പ്രതിജ്ഞകൾക്കനുസരിച്ചു ജീവിച്ചിരുന്നു. നീല വസ്ത്രധാരികളും വസ്ത്രധാരണം ഇല്ലാത്തവരും ഇവരുടെ രണ്ടു വ്യത്യസ്ത വിഭാഗങ്ങളാണ്. ജീവനോടുള്ള അതിയായ ബഹുമാനം മൂലം പ്രാണികളെ അരിച്ചു വെള്ളം കുടിയ്ക്കുകയും നിലം തൂത്തശേഷം നടക്കുകയും ചെയ്തിരുന്നു. മൃഗങ്ങളോടുള്ള സ്നേഹവാത്സല്യം മൂലം എല്ലാ ബലികളും കൊലയും എതിർത്തു പൂർണ്ണ അഹിംസാമാർഗ്ഗത്തിന് വാദിച്ചിരുന്നു. ഈ ലോകജീവിതത്തിലെ മാനസീക സ്വാതന്ത്ര്യലബ്ദിയാണ് ജൈനസന്യാസത്തിന്റെ പരമ ലക്ഷ്യമെന്നു പറയാം.

### (d) യഹൂദ സന്യാസ പ്രസ്ഥാനം

യഹൂദ മതത്തിൽ സന്യാസ പ്രസ്ഥാനം വളരെ ശാന്തമായിട്ടാണ് രൂപം പ്രാപിച്ചത്. ഏലിയാ, ഏലീശാ പ്രവാചകന്മാരുടെ ജീവചരിത്രം പ്രവാസത്തിനു മുമ്പുള്ള സന്യാസജീവിത ശൈലിയ്ക്ക് ഉദാഹരണമായെടുക്കാം. ലൗകീക സുഖങ്ങളെ പരിത്യജിച്ച് പ്രാർത്ഥനയിലും നോമ്പിലും ശക്തി പ്രാപിച്ച് ഭിക്ഷാംദേഹിയായി നടന്നിരുന്ന അവർ സന്യാസി ജീവിതത്തിന്റെ യഹൂദ പാരമ്പര്യത്തിലെ മുന്നോടികളാണെന്നു പറയാം. ന്യായപ്രമാണ കല്പനകൾ അനുസരിച്ച് നടക്കുവാനുള്ള ആഹ്വാനം പുതുക്കുകയാണ് പ്രവാസത്തിനു ശേഷം എസ്രാ മുതൽ ചെയ്യുന്നത്.

പരീശന്മാരുടെ മുൻഗാമികളായിരുന്ന 'ഹസിദിം' എന്ന വിഭാഗക്കാർ കർശന ശിക്ഷണ ജീവിതവും ലോകത്തോടുള്ള വെറുപ്പും വച്ചു പുലർത്തുന്നവരായിരുന്നു. (ഈനോക്ക് 1088) ലോക സുഖസമ്പത്തുകളെ ഉപേക്ഷിച്ചുള്ള ഒരു ജീവിത ശൈലിയായിരുന്നു അവരുടേത്. വിദ്യാസമ്പന്നരും ജീവിത വിശുദ്ധിയുള്ളവരുമായ യുവാക്കളെ മാത്രമേ അവരുടെ സംഘത്തിൽ ചേർത്തിരുന്നുള്ളു. സമചിത്തത, ക്ഷമ, സാമ്പത്തിക കാര്യങ്ങളിലുള്ള വിശാലമനസ്കത, ദാനം ചെയ്യൽ എന്നിവയിൽ അവർ അനുകരണീയരായിരുന്നു. മുന്ന് നേരത്തെ പ്രാർത്ഥനയ്ക്കു മുമ്പും പിമ്പും ഓരോ മണിക്കൂർ ധ്യാനം ഉൾപ്പെടെ ഒരു ദിവസം ഒമ്പതുമണിക്കൂർ അവർ ആത്മീയ സംസർഗ്ഗം നടത്തിയിരുന്നു. ഇതിനുപരി ചിലപ്പോഴെക്കെ നാസിർ വ്രതവും അനുഷ്ഠിച്ചിരുന്നു. ശരീരദണ്ഡനം അവർ നടത്തിയിരുന്നില്ലെന്നു മാത്രമല്ല വിവാഹ ജീവിതം അവർ ഒഴിവാക്കിയിരുന്നുമില്ല. അവർ പ്രത്യേകസ്ഥലത്ത് സമൂഹമായി താമസിച്ചിരുന്നില്ല. ആയതിനാൽ എല്ലാത്തരത്തിലും ഇവരുടെ പിൻഗാമികൾ എസ്സേന്യരല്ല. പരീശന്മാരാണ്. വലിയ റാബിമാർക്ക് ഹസീദ് എന്ന പേരുതന്നെ നല്കിയിരുന്നു.

പരീശന്മാരും റാബിമാരും ഈ പാരമ്പര്യത്തിൽ വന്നവരാണെങ്കിലും പൊതുവെ സന്യാസ പ്രസ്ഥാനത്തെ അനുകൂലിച്ചിരുന്നില്ല. എന്നാൽ അവരുടെ കൂട്ടത്തിൽ പല ഒറ്റപ്പെട്ട സന്യാസികളും ഉണ്ടായിട്ടുണ്ട്. സമൂഹത്തിന്റെ സ്ഥിതിയേക്കാൾ വ്യക്തിപരമായ ഭക്തി മാത്രമേ അതിന് ആധാരമായി എടുക്കേണ്ടതുള്ളു. അലക്സാന്ത്രിയായിലെ യഹൂദ ദാർശനികനായിരുന്ന ഫിലോ, ശാലോമോന്റെ മഹാജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം ദൈവവുമായുള്ള ആത്മീക ഐക്യമാകുന്നുവെന്നും അത് സന്യാസത്തിൽ സ്വീകരിക്കണമെന്നും അനുശാസിച്ചു. മോശെ ഏറ്റവും വലിയ സന്യാസതത്വങ്ങൾ ആചരിച്ചവനായി അദ്ദേഹം കണക്കാക്കി. ഈനോക്, അബ്രഹാം, യാക്കോബ് ഇവരെ

യെല്ലാം സന്യാസത്തിന്റെ പട്ടികയിൽപെടുത്തി. ഗ്രീക്കു തത്വദർശനത്തിന്റെ അതിപ്രസരത്തിൽ അപഥസഞ്ചാരം ചെയ്തുകൊണ്ടാവാം, ഫിലോയുടെ അഭിപ്രായങ്ങൾക്ക് യഹൂദരുടെ ഇടയിൽ വലിയ സ്ഥാനം കിട്ടാതെ പോയത്.

ചാവുകടലിന്റെ തീരത്തുള്ള കുമ്റാൻ സന്യാസ സമൂഹമായ എസ്സേന്യരുടെ ജീവിത ശൈലി തികച്ചും വ്യത്യസ്തമായിരുന്നു. മൃഗബലിയോടുള്ള അവരുടെ എതിർപ്പ് യഹൂദരിൽ നിന്ന് അവരെ വേർപെടുത്തി. ഗ്രീക്ക് പിത്തഗോറിയൻ സന്യാസത്തിൽ നിന്നും അലക്സാന്ത്രിയൻ സന്യാസത്തിൽ നിന്നും ഇവർ ഉത്തേജനം നേടിയെടുത്തതായി മനസ്സിലാക്കാം. എസ്സേന്യർ വലിയ ഒരു സന്യാസ പ്രസ്ഥാനമായിരുന്നു. പക്ഷെ അനുയായികൾ അധികം ഉണ്ടായിരുന്നില്ല. അവരുടെ സമൂഹത്തിന്റെ നിയമങ്ങൾ അനുസരിക്കുന്നത്, പൂർണ്ണതയിലേക്കുള്ള വഴിയായി പ്രബോധിപ്പിച്ചു. സമൂഹാംഗങ്ങൾ സഹോദരങ്ങളായി പ്രവർത്തിക്കുവാനുള്ള അനുശാസന ഏറ്റം ശ്രേഷ്ഠമായുള്ളതാണ്.

എസ്സേന്യർ എന്നത് അറമായ ഭാഷയിലെ ഹസിയോ (വിശുദ്ധൻ, ഭക്തിയുള്ളവൻ) എന്നതിൽ നിന്നും ഉണ്ടായതായിരിക്കാമെന്നു കരുതുന്നു. ഇവരുടെ ഉത്ഭവം 150 ബി.സി.യിൽ ആണ്. മക്കാബിയൻ വിപ്ലവത്തിന് പ്രോത്സാഹനം നല്കിയ ഒരു ഗ്രൂപ്പാണ് ഇപ്രകാരം രൂപപ്പെട്ടതെന്ന് കരുതുന്നു. ഇവർ ഒരു പ്രത്യേക സമൂഹമായി മാറിത്താമസിച്ചിരുന്നിടത്തു സന്യാസികളും വിവാഹിതരും ഉണ്ടായിരുന്നുവെന്നു കണക്കാക്കാമെങ്കിലും സന്യാസജീവിതത്തനായിരുന്ന ഇവിടെ മുൻതൂക്കം കൊടുത്തിരുന്നതെന്ന് അവരുടെ സമൂഹ ജീവിതനിയമങ്ങൾ വായിക്കുമ്പോൾ മനസ്സിലാവും. സ്ഥാനാർത്ഥി ഒരു വർഷത്തെ പരിശോധനയ്ക്കു ശേഷം മാത്രമെ സമൂഹ ജീവിതത്തിലേക്ക് സ്വീകരിക്കപ്പെട്ടുരുന്നുള്ളു. വിവിധ പ്രതിജ്ഞകൾ പ്രവേശനസമയത്ത് എടുക്കേണ്ടയിരുന്നുവെന്നു മാത്രമല്ല, പ്രാർത്ഥന, ദൈനംദിന ജോലികൾ എന്നിവയിൽ വീഴ്ച വരുത്തുന്നവർ നിഷ്ക്കരുണം പുറംതള്ളപ്പെടുകയും ചെയ്യുന്ന ഒരു കർശന സന്യാസ സമൂഹമായിരുന്നു ഇത്. ഭക്ഷണശാലയിൽ ഒരു ദേവാലയത്തിൽ എന്നപോലെ പ്രവേശിയ്ക്കുകയും ഭക്ഷണം പുരോഹിതൻ അനുഗ്രഹിച്ചശേഷം മാത്രം നിശബ്ദമായിട്ടിരുന്ന് അനുഭവിയ്ക്കുകയും എല്ലാ പ്രധാന ചടങ്ങുകൾക്കും മുമ്പായി ശുദ്ധീകരണ സ്നാനം നിർവഹിക്കുകയും ചെയ്തുവന്നിരുന്നു എന്ന് ജെസീഫസ് എന്ന ചരിത്രകാരൻ പറയുന്നു. ഇന്നത്തെ നമ്മുടെ ക്രിസ്തീയ സന്യാസജീവിത ശൈലിയോടും വളരെ സാമ്യം ഇവിടെ കാണാം. ദേവാലയാരാധനയും മൃഗബലിയും ബഹിഷ്ക്കരിച്ചിരുന്നുവെങ്കിലും അവരുടെ എല്ലാ ചടങ്ങൾക്കും അവരുടെതന്നെ പുരോഹിത സ്ഥാനി നായകത്വം വഹിച്ചിരുന്നു.

**(e) പുരാതന ഈജിപ്തിലെ സന്യാസ ജീവിതം**

ശരീരവും ആത്മാവും എന്നും അഭേദ്യമായി നിൽക്കുന്നതിനാൽ ആത്മാവിന് അതിന്റെ ശരീരത്തെ തിരിച്ചറിയുവാനായി ശരീരം അതേപടി സുഗന്ധദ്രവ്യങ്ങൾ പുരട്ടി കേടുവരാതെ സൂക്ഷിക്കുന്ന പതിവ് അവരുടെ ഇടയിൽ ഉണ്ടായിരുന്നു. വളരെ കർശനമായ ഉപവാസം ഇവർ അനുഷ്ഠിച്ചിരുന്നു. ഒരു പ്രത്യേകത, വിശുദ്ധ ഭക്ഷണം സ്വീകരിക്കുന്നതിനുള്ള ഒരുക്കമായി അവർ നോമ്പെടുത്തിരുന്നു. ചിലപ്പോഴൊക്കെ നോമ്പിന്റെ കാലഘട്ടം അവസാനിക്കുന്നത് ഒരു വലിയ ബലിയും വിരുന്നുമായ വി.കുർബ്ബാന അനുഭവിക്കുന്നതിനു മുമ്പുള്ള നോമ്പും ഉപവാസവും പൗരസ്ത്യ സഭകളിൽ കാണപ്പെടുന്നതിന്റെ ഉറവിടം ഈജിപ്തിലെ ഈ അനുഷ്ഠാനമാണോയെന്നു പരിശോധിക്കേണ്ടതാണ്. മാത്രമല്ല ദൈവത്തെ പാപം മൂലം കോപിപ്പിച്ചതിനു പരിഹാരമായി അനുതാപത്തിന്റെ കാലഘട്ടമായി അനുതാപ കീർത്തനങ്ങൾ ആലപിച്ചുകൊണ്ട് നോമ്പു അനുഷ്ഠിച്ചിരുന്നു. സന്യാസ പ്രസ്ഥാനം സുസംഘടിതമായ രീതിയിൽ ഇവരുടെ ഇടയിൽ ഇല്ലായിരുന്നെങ്കിലും അതിനു പ്രേരകമായ പലതും ഈജിപ്തിലെ ജീവിത ശൈലിയിൽ ഉൾക്കൊണ്ടിരുന്നു.

യഹൂദന്മാർ, ബാബിലോണ്യർ, അറബികൾ, ഈജിപ്തുകാർ ഇവരുടെ ഇടയിൽ ചില പ്രത്യേക അവസരങ്ങളിൽ ലൈംഗിക സംയോഗ വർജ്ജനം ആചരിച്ചിരുന്നു. ദൈവിക ശക്തിയുടെ വെളിപ്പെടലായി സ്ത്രീകളിലെ ആർത്തവം കണക്കാക്കിയിരുന്നതുകൊണ്ട് ഈ കാലഘട്ടത്തിൽ സ്ത്രീ-പുരുഷ സംയോഗം നിഷേധിക്കപ്പെട്ടിരുന്നു. ദേവാലയവും പരിസരങ്ങളും ഇതിന് നിന്നു നിഷേധിക്കപ്പെട്ട സ്ഥലങ്ങളായിരുന്നു. പടയാളികൾക്കും ഏതെങ്കിലും ഒരു പ്രതിജ്ഞ എടുത്തിരിക്കുന്നവർക്കും ഇതു നിഷേധിക്കപ്പെട്ടിരുന്നു. തീർത്ഥയാത്രയ്ക്കു പോകുന്നവർ ഒരു ഉത്സവത്തിൽ ശരീരവിശുദ്ധിയോടെ സംബന്ധിക്കേണ്ടതുള്ളതുകൊണ്ട് ലൈംഗീക ബന്ധത്തിൽ നിന്ന് ഒഴിവായിരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ ജീവിത വീക്ഷണങ്ങൾ പിന്നീടു വന്ന ക്രിസ്തീയ ജീവിതശൈലിയെ പൊതുവായും സന്യാസപ്രസ്ഥാനത്തെ പ്രത്യേകമായും സ്വാധീനിച്ചിട്ടുണ്ടെന്നു പറയാം. ഇത്രയും പാരമ്പര്യമുള്ള ഈജിപ്തിലെ ക്രിസ്തീയ സന്യാസപ്രസ്ഥാനം ഒരു വിദേശ ഇറക്കുമതിയാണെന്ന ജോർജ്ജ് എ. ബാർട്ടന്റ് നിഗമനത്തോടു യോജിക്കുക സാദ്ധ്യമല്ല. എൻസൈക്ളോപ്പീഡിയ ഓഫ് റിലിജിയൻ ആൻഡ് എതിക്സ് (വാല്യം 2, പേജ് 111)

❊

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
# പൗരസ്ത്യ കാതോലിക്കേറ്റ്

## പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ

## 1976 – 1983

### സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ

### (Codified and edited)

*(പരിശുദ്ധ സുന്നഹദോസ് നിശ്ചയങ്ങളിൽ നിന്ന് സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ അംഗീകാരത്തോടുകൂടി പ്രസിദ്ധപ്പെടുത്തണമെന്ന് പ.സുന്നഹദോസ് നിശ്ചയിച്ചതനുസരിച്ച് പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ കാലത്ത് 1976 മുതൽ നടത്തിയിട്ടുള്ള പ. സുന്നഹദോസുകളുടെ പ്രസക്ത നിശ്ചയങ്ങൾ സമാഹരിച്ച് പ്രകാശനം ചെയ്തിട്ടുള്ളവയാണ് ഇത്.)*

*(കഴിഞ്ഞ ലക്കം തുടർച്ച......)*

## III

### 1977 ജൂലൈ സുന്നഹദോസ്

**1. പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും കപ്യാരന്മാരുടെയും മക്കളുടെ വിവാഹ വരുമാനം.**

പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും അഞ്ചു കൊല്ലത്തിൽ കുറയാതെ ശുശ്രൂഷ നടത്തിയിട്ടുള്ളവരും തുടർന്ന് നടത്തിക്കൊണ്ടിരിക്കുന്നവരുമായ കപ്യാരന്മാരുടെയും പെൺമക്കളുടെ വിവാഹങ്ങൾക്ക് പതാരം ഒഴിച്ചുള്ള മറ്റു പള്ളി വരുമാനങ്ങൾ മാത്രവും, എന്നാൽ അവരുടെ ആൺമക്കളുടെ വിവാഹത്തിന് പതാരം ഉൾപ്പെടെയുള്ള എല്ലാ പള്ളിവരുമാനങ്ങളും വയ്പിച്ചുകൊള്ളേണ്ടതാകുന്നു.

കുറിപ്പ്

പെൺമക്കളുടെ വിവാഹത്തിന് പിതൃസ്വത്തിന് പിതൃസ്വത്തവകാശം (അവകാശധനം) കൊടുക്കേണ്ടതുള്ളതുകൊണ്ട് ആൺമക്കളുടെ വിവാഹത്തിന് പിതൃസ്വത്തവകാശം (അവകാശധനം) ലഭിക്കുന്നതുകൊണ്ടുമാണ് ഈ വ്യത്യാസം.

**2. കുർബ്ബാനപ്പണവും തളികപ്പണവും**

കുർബ്ബാനപ്പണവും, ഇരുപത്തഞ്ചു നോമ്പുവീടൽ, ദുഃഖവെള്ളിയാഴ്ച, അമ്പതു നോമ്പുവീടൽ എന്നീ മൂന്നു ദിവസങ്ങളിലെ തളികപ്പണവും പട്ടക്കാർക്കും മറ്റും കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചതിൽ ഓരോ ഭദ്രാസനങ്ങളിലും നിലവിലിരിക്കുന്ന രീതികൾ തല്ക്കാലം ഭേദപ്പെടുത്തേണ്ടതില്ലെന്നു തീരുമാനിച്ചു.

**3. ബൈബിൾ സൊസൈറ്റി**

വി.വേദപുസ്തകം സഭയുടെ ആത്മീയവളർച്ചയ്ക്ക് അത്യന്താപേക്ഷിതമാകയാലും ഓർത്തഡോക്സ് സുറിയാനി സഭവകയായ വേദപുസ്തക തർജ്ജമ തല്കാലം ഇല്ലാത്തതിനാലും ഇനി ഒരു കല്പന ഉണ്ടാകുന്നതുവരെ ഇൻഡ്യാ വേദപുസ്തക സമൂഹം (Bible Society) പ്രസിദ്ധീകരിച്ചിട്ടുള്ള വേദപുസ്തക തർജ്ജമകൾ സഭാംഗങ്ങൾ ഉപയോഗിക്കുന്നതിനും വേദപുസ്തക സമൂഹത്തെ സാമ്പത്തികമായി സഹായിക്കുന്നതിനും പ. സുന്നഹദോസ് അനുവദിച്ചിരിക്കുന്നു.

**4. ആശ്രമങ്ങളും ദയറാകളും**

1) എല്ലാ സന്യാസാശ്രമങ്ങളും ദയറാകളും പ.സുന്നഹദോസിന്റെ അനുവാദത്തോടുകൂടി മാത്രം ആരംഭിക്കേണ്ടതും അവ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടേണ്ടതും അവയുടെ ഉടമസ്ഥത സഭയ്ക്കുണ്ടായിരിക്കേണ്ടതും അവ പ. സുന്നഹദോസിനു കീഴ്പ്പെട്ടിരിക്കേണ്ടതുമാകുന്നു. (സഭാ ഭരണഘടന 124-ാം വകുപ്പ്)

2) ഏതെങ്കിലും സന്യാസസമൂഹാംഗം ഇടവക ഭരണമുള്ള മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെടുകയാണെങ്കിൽ അദ്ദേഹം ഏതു സമൂഹത്തിലെ അംഗമായിരിക്കുന്നുവോ ആ സമൂഹത്തിലുള്ള അദ്ദേഹത്തിന്റെ സജീവാംഗത്വം അവസാനിക്കുന്നതും,

*(ശേഷം 8-ാം പേജിൽ)*

# 1653 ലെ കൂനൻ കുരിശുസത്യം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാഗത്തുനിന്നുള്ള പ്രതിപദനങ്ങൾ

ഫാ. ഡോ. റ്റി. ഐ. വർഗീസ്

## A. ആമുഖം

മലങ്കരയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ് ജനുവരി 3, 1653-ലെ കൂനൻ കുരിശുസത്യം എന്നു പറയുന്നത്. ഈ സമൂഹത്തിന്റെ സഭാവ്യക്തിത്വത്തിൻമേൽ ഇതേൽപിച്ച പ്രത്യാഘാതം നിർണ്ണായകമായിരുന്നു. കാരണം ഇതേവരെ ഒന്നായി നിന്നിരുന്ന ഈ സമൂഹത്തെ സഭാപരമായി രണ്ടായി വേർപിരിച്ചു പരസ്പരം കലഹിക്കുന്ന ഒരു സാഹചര്യത്തിലേക്ക് ഇതു വഴിതെളിയിച്ചു എന്നുമാത്രമല്ല 19-ാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്ത് പരിപൂർണ്ണമായി രണ്ടായി വേർപിരിയുന്നതുവരെ കലഹിക്കുന്നതിനും പരസ്പരം നീതീകരിക്കുന്നതിനും ഇതിന്റെ ഫലമായിട്ടിടയായിത്തീർന്നു.

ഈ സംഭവത്തെ തുടർന്ന് ഒരുവിഭാഗം റോമൻ കത്തോലിക്കാസഭയോട് ചേർന്നുനിന്നുകൊണ്ട് എടുത്തിരുന്ന പ്രതിജ്ഞയെ പാടെ ഉപേക്ഷിച്ചുവെങ്കിൽ മറ്റേ വിഭാഗം പ്രതിജ്ഞയുടെ അന്തസത്തയെ നിറവേറ്റുന്നതിനു ഉറച്ചുതന്നെ മുന്നോട്ടുനീങ്ങി. റോമൻ കത്തോലിക്കരിൽ നിന്നുമുള്ള അനേകം ദുരിതപൂരിതമായ പീഡനങ്ങൾ ഇവർ സഹിക്കയും 13 വർഷത്തെ കഠിനമായ പ്രയത്നത്തിനുശേഷം, അനേകരെ ഇതിനിടയിലൊക്കെ നഷ്ടമാക്കിക്കൊണ്ട് പാശ്ചാത്യസുറിയാനി സഭാബന്ധത്തിൽ കാലുകുത്തുകയും ചെയ്തു. മലങ്കരസഭ പുരാതനമായി നിലനിർത്തിവന്നതായ പൗരസ്ത്യ സുറിയാനി സഭാകേന്ദ്രവുമായി ബന്ധം പുനഃസ്ഥാപിക്കുവാനാണ് കൂനൻ കുരിശുസത്യത്തിലൂടെ ലക്ഷ്യമിട്ടിരുന്നതെങ്കിലും അത് ഫലവത്തായില്ല. ഈ സാഹചര്യത്തിലാണ് അന്ത്യോഖ്യ ബന്ധത്തിൽപെട്ട മാർഗ്രീഗോറിയോസ് 1665 ൽ വന്നതും സഹായം നൽകിയതും. ലഭിച്ച സഹായം സ്വീകരിച്ചു റോമാക്കാരോടുള്ള വാശി തീർത്തു എന്നു മാത്രമല്ല തുടർന്നുള്ള രണ്ടുനൂറ്റാണ്ടോളം കാലം റോമാക്കാരെ കഠിനമായിട്ടെതിർത്തു പോരുന്ന ഒരു നിലപാടിലേക്കും നീങ്ങി. ഈ പശ്ചാത്തലത്തിലാണ് മലങ്കര അന്ത്യോഖ്യൻ ബന്ധം ക്രമേണയായി മുറുകിയത്. 19-ാം നൂറ്റാണ്ടിന്റെ ആദ്യം മുതൽ അനുഭവപ്പെട്ട നവീകരണക്കാരുമായുള്ള സംഘട്ടനം വീണ്ടും സഭയിൽ പിളർപ്പുണ്ടാക്കി. അതിൽ ഉൾപ്പെട്ട ഒരു വിഭാഗം അന്ത്യോഖ്യയുമായി ഔദ്യോഗികമായി ഏകീഭാവം പ്രകടിപ്പിക്കുകയും യാക്കോബായ സുറിയാനി സഭ എന്ന നാമത്തിൽ അറിയപ്പെടുവാനും ആഗ്രഹിച്ചുപോന്നു. ഈ ബന്ധത്തിന്റെ തിക്താനുഭവങ്ങൾ വീണ്ടും 20-ാം നൂറ്റാണ്ടിലെ മലങ്കരസഭയെ കാര്യമായിട്ടു തന്നെ ബാധിച്ചു. അന്ത്യോഖ്യയുമായി യോജിക്കാനും വയ്യ യോജിക്കാതിരിക്കാനും വയ്യ എന്നവസ്ഥിയിലെത്തിച്ചിരിക്കുന്നു. ഇതിന്റെ മൂലകാരണത്തിലേക്ക് കടക്കുമ്പോൾ കണ്ടുവരുന്നത് റോമൻ കത്തോലിക്കരോടുള്ള എതിർപ്പാണ് ഈ സംഭവപരമ്പരകൾക്കെല്ലാം തന്നെ കാരണം എന്നതാണ്. അവയിൽ സുപ്രധാനപ്പെട്ടത് 1653-ലെ കൂനൻ കുരിശുസത്യവും സഭാവിഭജനവും അതിന്റെ അനന്തരഫലങ്ങളുമാണ്.

കൂനൻ കുരിശുസത്യത്തെ പറ്റിയോ അതിനുപിറകെ നടന്നതായ സംഭവവികാസങ്ങളെ പറ്റിയോ സമകാലീന വിവരങ്ങൾ മലങ്കര ഓർത്തഡോക്സ് ഭാഗത്തുനിന്നും ലഭ്യമല്ല. അതുപോലെ തന്നെ ഈ കാര്യങ്ങൾ റോമൻ കത്തോലിക്കാ ഭാഗത്തുനിൽക്കുന്ന സീറോ മലബാർ സഭയുടെ ഭാഗത്തുനിന്നും ലഭ്യമല്ല. അവരുടെ ഗവേഷകർ ഈ അടുത്ത

കാലത്തു യൂറോപ്പിലും മറ്റും നടത്തിയ സമകാലീന മിഷനറി രേഖകളുടെ അടിസ്ഥാനത്തിലുള്ള പഠനങ്ങളിൽ നിന്നാണ് അവർക്കും ഇതേപ്പറ്റി എന്തെങ്കിലുമൊക്കെ പറയുവാനുള്ളൂ. ഈ വെളിച്ചത്തിൽ അവർ പറയുന്നത് കൂനൻ കുരിശുസത്യമെന്നത് റോമൻ കത്തോലിക്കാസഭയെ പാടേ ഉപേക്ഷിച്ചുകൊണ്ടുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഏകമായ തീരുമാനമല്ലെന്നും മറിച്ച് പോർട്ടുഗീസുകാരേയും അവരുടെ നിർദ്ദേശാനുസരണം ഇവിടെ പ്രവർത്തിച്ചുവന്ന ഈശോ സന്യാസി സമൂഹത്തേയും തിരസ്കരിച്ചുകൊണ്ടുള്ള തീരുമാനം മാത്രമാണെന്നും ആണ്. ഇതിന്റെ വെളിച്ചത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ കൂനൻ കുരിശുസത്യത്തിൽ അന്തർഭവിച്ചിരിക്കുന്ന ഉദ്ദേശ്യം മനസ്സിലാക്കി വീണ്ടും ഒത്തൊരുമിച്ച് കഴിയുവാനുള്ള മനോഭാവമാണ് നേടിയെടുക്കേണ്ടത് എന്നാണ് അവരുടെ വാദത്തിലെ സാരാംശം. സമകാലീന രേഖകൾ കൂനൻ കുരിശുസത്യത്തെ പറ്റി ലഭ്യമല്ലെങ്കിലും മലങ്കര ഓർത്തഡോക്സ് സഭ ഇതേപ്പറ്റിയുള്ള ഒരു ശക്തമായ പാരമ്പര്യം നിലനിറുത്തിയിരുന്നു. അതിന്റെ എഴുതപ്പെട്ട രൂപങ്ങൾ സംഭവം നടന്ന് 7 വർഷത്തിനുശേഷം തൊട്ടുള്ളത് ലഭ്യവുമാണ്. ഇവയിലെ വിവരണങ്ങളിൽ അല്പസ്വല്പമൊക്കെ വ്യത്യാസങ്ങളുണ്ടെങ്കിലും ഇവയെല്ലാം ഏക സ്വരത്തിൽ പറയുന്നത് ഈ സംഭവം നടന്നത് റോമൻ കത്തോലിക്കാ സഭയെ പാടേ തിരസ്കരിച്ചുകൊണ്ടുള്ളതാണെന്നാണ്. റോമൻ കത്തോലിക്കാ സഭയുടെ കടുംകൈകൾക്കെതിരായിട്ടാണ് ഈ സത്യം അരങ്ങേറിയത്. അതുകൊണ്ട് മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവരുടെ സ്വാതന്ത്ര്യം വീണ്ടെടുത്ത് പുനഃസ്ഥാപിച്ചതന്റെ സുപ്രധാനനാഴികക്കല്ലാണ് കൂനൻ കുരിശുസത്യം എന്ന് അവർ അവകാശപ്പെടുന്നു.

ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് മലങ്കര ഓർത്തഡോക്സ് സഭയുടെ ഭാഗത്തു നിന്നും കൂനൻ കുരിശുസത്യത്തെ പറ്റി തെരഞ്ഞെടുത്തിരിക്കുന്ന ചില ലേഖകരുടെ അഭിപ്രായങ്ങൾ നാളിതുവരെയുള്ളത് രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് ഇതിലെ സുപ്രധാനസംഭവങ്ങളെ എടുത്തുകാണിക്കുവാനും ഒരു വിലയിരുത്തലിനും പരിശ്രമിച്ചിരിക്കുന്നു.

### B. തെരഞ്ഞെടുത്തിട്ടുള്ള ഓർത്തഡോക്സ് ലേഖകരുടെ കൂനൻ കുരിശുസത്യത്തെ പറ്റിയുള്ള പാരമ്പര്യം.

മാത്യു എന്നു പേരുള്ള ഒരു കത്തനാർ മാർത്തോമ്മാ നാലാമന്റെ കാലത്ത് അദ്ദേഹത്തോട് കൂറ് പുലർത്തിവന്നിരുന്നവനും എന്നാൽ പിന്നീട് മാർ ഗബ്രിയേൽ എന്ന കൽദായ മെത്രാന്റെ കൂടെകൂടി നിലനിന്നിരുന്നവനുമായവൻ, 18-ാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിൽ എഴുതുമ്പോൾ കൂനൻ കുരിശുസത്യത്തെ സംബന്ധിച്ച് ഈ വിധ വിവരണമാണ് നൽകുന്നത്. (ഉദയംപേരൂർ സുന്നഹദോസ് മുഖേനയായി ആർച്ച് ബിഷപ്പ് മെനെസിസിന്റെ നേതൃത്വത്തിൽ ഏതു വിധത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികളെ റോമൻ കത്തോലിക്കാ സഭയുടെ കീഴിൽ കൊണ്ടുവന്നു എന്ന് വിവരിച്ചതിനുശേഷം.)

ഈ വിധം സുറിയാനിക്കാർ കഴിഞ്ഞ 52 വർഷങ്ങളായിട്ട് വഞ്ചകരും ആത്മാർത്ഥതയില്ലാത്തവരുമായ പറങ്കികളുടെ കീഴിൽ കഴിഞ്ഞുവരവെ, അവരെ ഇവയെല്ലാം ബോധ്യപ്പെടുത്തുന്നതിനു ദൈവം ഇഗ്നാത്തിയോസ് പാത്രിയർക്കീസ് മുഖേന ഇടയാക്കി. മൈലാപ്പൂരിൽ ഇദ്ദേഹം വന്നെത്തിയതിനെ തുടർന്ന് പറങ്കികൾ അദ്ദേഹത്തെ പിടിച്ചു ബന്ധനത്തിലാക്കി. കൊച്ചിയിൽ കൊണ്ടുവരികയും കടലിൽ മുക്കികൊല്ലുകയും ചെയ്തു. അവിടെ ആ സമയത്തുണ്ടായിരുന്ന സുറിയാനിക്കാരായ ശെമ്മാശന്മാരിലൂടെ മലയാളത്തുള്ള എല്ലായിടത്തും ഈ വസ്തുതകൾ പ്രസിദ്ധമായി. അതുകൊണ്ട് എല്ലാ സുറിയാനിക്കാരും മട്ടാഞ്ചേരിയിലുള്ള പള്ളിയിൽ കൂടുകയും ദൈവനാമത്തിൽ മദ്ബഹ മുമ്പാകെ തങ്ങളും തങ്ങളുടെ സന്തതി പരമ്പരകളും ഉള്ളിടത്തോളവും വരെ പറങ്കികളുമായി യാതൊരുവിധ ബന്ധവുമില്ല എന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു. മാത്രമല്ല ഈ പ്രതിജ്ഞ ഒരുടമ്പടിയായി ഓലയിൽ എഴുതുകയും ചെയ്തു. ഈ വിധം സുറിയാനിക്കാർ പറങ്കികളുമായുള്ള സർവ്വബന്ധത്തിൽ നിന്നും വേർപിരിഞ്ഞു.

ഇതേ തുടർന്ന് പറങ്കിമെത്രാൻ സുറിയാനി കത്തനാരൻമാർക്ക് വിലപിടിപ്പുള്ള പാരിതോഷികങ്ങൾ കൊടുത്തു രഹസ്യമായി ബന്ധപ്പെടുവാൻ തുടങ്ങി. ചിലർ ഇവ സ്വീകരിച്ചു രാത്രിയിൽ പറങ്കിമെത്രാനെ കാണുകയും ചെയ്തു. എന്നാൽ മറ്റു ചിലർ ആ വിധം ചെയ്തില്ല. ഇതേ തുടർന്ന് ചില കത്തനാരന്മാർ പറങ്കിമെത്രാനെ പിന്തുടരുവാൻ തുടങ്ങി. .. ഇതിന്റെ ഫലമായി സുറിയാനിക്കാരുടെ ഇടയിൽ വിഭജനമുണ്ടാവുകയും ചെയ്തു. രാജാക്കന്മാർക്കും നാടുവാഴികൾക്കും കോഴ കൊടുത്തു സുറിയാനിക്കാരെ പകുതിയോളവും പറങ്കികൾ അവരുടെ വശത്താക്കി. (A. Mingana. early spread of Christianity in India pp 46-47)

മദ്രാസ് ക്രിസ്ത്യൻ കോളേജിലെ ഡബ്ല്യൂ. എച്ച് മില്ലിന്റെ ആവശ്യപ്രകാരം മലങ്കര ഓർത്തഡോക്സ് സഭയിലെ അബ്രാഹം കശീശ 1821 ൽ എഴുതിയ വിവരണത്തിൽ ഈ വിധം കാണുന്നു.

ഞങ്ങളുടെ പിതാവ് അന്ത്യോഖ്യ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് 1653 ൽ മൈലാപ്പൂരിൽ പറന്നെത്തി. തദവസരത്തിൽ മൈലാപ്പൂരിൽ തോമസ് അപ്പോസ്തോലന്റെ ശവകുടീരത്തിലേക്ക് തീർത്ഥാടനത്തിനു പോയ മലബാറിലെ രണ്ടു ശെമ്മാശന്മാർ ഇഗ്നാത്തിയോസിനെ തടവിൽ കാണുകയും പരിചയപ്പെടുകയും ദുഃഖിക്കുകയും ചെയ്തു. അർക്കദീയാക്കോനുള്ള ഒരു കത്ത് ഇവർ വശം കൊടുത്തുവിട്ടു. ഇവർ മലബാറിൽ പറന്നെത്തിയതിനെ തുടർന്ന് അർക്കദീയാക്കോനെ കത്തേല്പിക്കുകയും അദ്ദേഹം പാത്രിയർക്കീസിന്റെ ബന്ധനത്തെപ്പറ്റിയുള്ള വിവരം പള്ളികളെ അറിയിക്കയും ചെയ്തു. എല്ലാവരും അദ്ദേഹത്തിന്റെ അടുക്കൽ കൂടി വരവെ ഇഗ്നാത്തിയോസിനെ കൊച്ചിയിൽ കൊണ്ടുവന്നിരിക്കുന്നതായി വിവരം ലഭിച്ചു. ഉടനെ തന്നെ കൊച്ചി രാജാവിനെ കണ്ട് പാത്രിയർക്കീസിനെ വിടുവിച്ചു തരണമെന്നാവശ്യപ്പെട്ടുവെങ്കിലും അത് നടന്നില്ല. അന്നേ ദിവസം പറങ്കികൾ ഒരു വലിയ കല്ല് കഴുത്തിൽകെട്ടി തൂക്കി പാത്രിയർക്കീസിനെ സമുദ്രത്തിൽ മുക്കികൊന്നു. പാത്രിയർക്കീസ് മരിച്ച ആ സമയത്തുതന്നെ പുറജാതി രാജാവും മരിച്ചുപോയി. ഈ സംഭവങ്ങൾക്കുശേഷം സുറിയാനിക്കാരെല്ലാം മട്ടാഞ്ചേരി പള്ളിയിൽ കൂടി പിതാവിന്റെയും പുത്രന്റെയും പ. റൂഹായുടെയും നാമത്തിൽ പറങ്കികളുമായി മേലാൽ ബന്ധമോ ഐക്യമോ ഇല്ലെന്ന് സത്യം ചെയ്തു. ഇഗ്നാത്തിയോസിന്റെ കല്പനപ്രകാരം അർക്കദീയാക്കോൻ തോമസിനെ സുറിയാനി സഭയുടെ ഭരണാധികാരിയായി അവരോധിച്ചു. 1660 ൽ ബിഷപ്പ് ജോസഫ് മലബാറിൽ വന്നെങ്കിലും ഞങ്ങളാരും അദ്ദേഹത്തെ പിന്തുടർന്നില്ല. ഇതിനു ശേഷം ബിഷപ്പ് ജോസ്ഫ് ബിഷപ്പ് തോമസിന്റെ ബന്ധുവായ അലക്സാണ്ടർ എന്ന കത്തനാരെ പ്രലോഭിപ്പിച്ചു മെത്രാനാക്കി. ഈ വിധം മലബാറിലെ സുറിയാനിക്കാർ രണ്ടുഭാഗമായി തീർന്നു. (mingan, pp 51-52)

1869 ൽ ഇട്ടൂപ്പ് റൈട്ടർ പ്രസിദ്ധീകരിച്ചിരിക്കുന്ന ഗ്രന്ഥത്തിൽ ഈ പാരമ്പര്യം ഈ വിധം കാണുന്നു. ഇതിന്റെ ഭാഗികമായ ഉദ്ധരണം റോയൽ കോടതിവിധി (മെജോറിട്ടി) 1889 ലേതിൽ പാരാ 80 മുതൽ കാണആവുന്നതാണ്

ഇട്ടൂപ്പ് റൈട്ടർ ഉദയംപേരൂരെ കൂട്ടം കഴിഞ്ഞതിന്റെ ശേഷം ഏകദേശം 55 സംവത്സരം വരെ സുറിയാനിക്കാർ അവരുടെ മര്യാദകളെ വിട്ട് പറങ്കികളുടെ ആചാരങ്ങളായ ചില പുതുമകളെ അനുസരിച്ച് നടന്നുവരുമ്പോൾ 1653 ന് അന്ത്യോഖ്യയുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് മലയാളത്തിലുള്ള സുറിയാനിക്കാരുടെ അടുക്കൽ വന്നുചേരുവാനായിട്ട് മദ്രാസ് പട്ടണത്തിൽ മയിലാപ്പൂർ തോമാശ്ലീഹാ നാമത്തിലുള്ള പള്ളിയിൽ വന്ന് ഇറങ്ങിയാറെ ഇദ്ദേഹത്തെ മലങ്കരയ്ക്ക് അയച്ചാൽ തൽക്കാലം നടന്നുവരുന്ന പറങ്കി മര്യാദ വിട്ട് വീണ്ടും സുറിയാനിമര്യാദ തന്നെ നടപ്പായി പോകുമെന്ന ഭയപ്പെട്ട് ശുദ്ധമുള്ള പാത്രിയർക്കീസിനെ അവിടത്തെ പറങ്കികൂട്ടം തടഞ്ഞു താമസിപ്പിച്ചു. ആ സമയം മാർതോമ്മാ ശ്ലീഹാ കബറിങ്കൽ കുമ്പിടുവാനായിട്ട് ചെങ്ങന്നൂർ ഇട്ടി ചെമ്മാശനും കുറവിലങ്ങാട്ടു കിഴക്കേടത്ത് കുര്യൻ ചെമ്മാശനും അവിടെ ചെന്നിരുന്നു. ഇവർ പാത്രിയർക്കീസ് ബാവയെ കണ്ട് മലയാളത്തിലെ കുഴപ്പുകളെയും ഞെരുക്കങ്ങളെയും വിവരം പോലെ സങ്കടത്തോ

ടുകൂടെ അറിയിച്ചു. എന്നാറെ പാത്രിയർക്കീസ് വളരെ ഖേദിച്ചു. ഈ വിവരം പറങ്കി അറിഞ്ഞാറെ പാത്രിയർക്കീസിനെ ഒരു മുറിയിൽ ആക്കി കാവലും വച്ചു. അതിനാൽ പറങ്കികൾ ചതിപ്പാൻ വട്ടം കൂട്ടുന്നതാണെന്ന ബോധം വരികയാൽ അക്കാലം മലയാളത്തിലെ തോമ്മാ ആർക്കദയാക്കോനെ എപ്പിസ്കോപ്പ എന്ന സ്ഥാനത്തിൽ വാഴിച്ചുകൊള്ളത്തക്ക വണ്ണം സ്താത്തിക്കോൻ എഴുതി മേലെഴുതിയ ചെമ്മാശന്മാരുടെ പക്കൽ കൊടുത്തു ഇവരെ രഹസ്യമായി മലയാളത്തിലേക്ക് അയച്ചു.

ഇവർ ഇങ്ങ് എത്തി ആർക്കദയാക്കോനു സ്താത്തിക്കോൻ കൊടുത്ത് ഉണ്ടായ വിവരങ്ങളും അറിയിച്ചാറെ പള്ളിക്കാര് എല്ലാവരും ആലങ്ങാട് പള്ളിയിൽ കൂടത്തക്കവണ്ണം പള്ളികൾക്ക് കുറികൾ എഴുതി കത്തങ്ങളും ചെമ്മാശന്മാരും അയ്മേനികളുമായിട്ട് ഏറിയ ജനം അവിടെ കൂടി ചിന്തിച്ചുവരുമ്പോൾ. പാത്രിയർക്കീസ് ബാവ കൊച്ചിയിൽ വന്നു എന്ന ഒരു ശ്രുതി പരന്ന ഉടനെ ആലങ്ങാട്ട് കൂട്ടപ്പെട്ടവരെല്ലാവരും വന്നു ചേർന്നു പറങ്കി ഗവർണറോട് അപേക്ഷിച്ചാറെ ബാവായെ ഇറക്കി കൊടുക്കാതെ തർക്കം പറകയാൽ ആർക്കദയാക്കോനും പട്ടക്കാരും ജനങ്ങളെ കൂടെ ഏകദേശം 25000 പേരോളം ഉണ്ടായിരുന്നവർ ഇനി എന്തായാലും പറങ്കികളുമായി കലാപമുണ്ടായിട്ടെങ്കിലും പാത്രിയർക്കീസിനെ ഇറക്കി കൊണ്ടുവരണമെന്ന് ഉറച്ചുകൊണ്ട് ധൈര്യത്തോടെ പുറപ്പെട്ടുചെന്നു. അപ്പോൾ കോട്ടയിൽ ഏകദേശം 300 പറങ്കികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത്രവളരെ ജനങ്ങളെ അടുത്തുകണ്ടാറെ ഇവർ ഭയപ്പെട്ട് കോട്ടവാതിലുകൾക്കുള്ള പാലം മടക്കി എടുത്തു കൊത്തളത്തിൻമേൽ പീരങ്കികളും കയറ്റി ഏതായാലും വിട്ടയക്കുന്നതല്ലെന്ന് അവരും ശാഠ്യം പിടിച്ചു.

അതിനാൽ കോട്ടയിലേക്കു കടപ്പാൻ പാടില്ലാതെ മടങ്ങി കൊച്ചിരാജാവ് അവർകളെ ചെന്നുകണ്ട് സങ്കടം അറിയിച്ചാറെ കോട്ടയിലെ അധികാരിയെ വരുത്തി മലയാളത്തെ സുറിയാനിക്കാരായ ക്രിസ്ത്യനികളുടെ എജമാനനായി നിങ്ങൾ തടങ്ങു പാർപ്പിച്ചിരിക്കുന്ന ആ മഹർഷിയെ അവർക്ക് വിട്ടുകൊടുത്തേ മതിയാവൂ എന്ന് കല്പിച്ചു. പിന്നെ പറങ്കികൾ എങ്ങനെയോ രാജാവിനെ സ്വാധീനപ്പെടുത്തിയും കൊണ്ട് ആ രാത്രിയിൽ തന്നെ ഈ ശുദ്ധമാക്കപ്പെട്ട പാത്രിയർക്കീസിന്റെ കഴുത്തിൽ ഒരു വല്യ കല്ലുകെട്ടി പുഴയുടെ നടുവിൽ കെട്ടിതാഴ്ത്തി കൊന്നു എന്ന സുറിയാനി പുരാണങ്ങളിലും, മറ്റു ചില ചരിത്രങ്ങളിൽ പാത്രിയർക്കീസിനെ പറങ്കികൾ കപ്പൽ കയറ്റി ഗോവയ്ക്ക് അയച്ച അവിടത്തെ ദണ്ഡനകാലത്ത് കുറെ നാൾ പാർപ്പിച്ച ശേഷം പിന്നെ ഗോവായ്ക്കു തന്നെ കയറ്റി അയച്ചു എന്നും ഇങ്ങനെ രണ്ടുവിധം പറയുന്നതിൽ കെട്ടിതാഴ്ത്തി അപായം വരുത്തിയ പ്രകാരമെന്നത്രെ സുറിയാനിക്കാരുടെ ഇടയിൽ ഇന്നെവരെ വിശ്വസിച്ചിരിക്കുന്നത്.

*(തുടരും.....)*

❊

*"പെട്ടെന്നു ചെയ്യാവുന്നതോ അനായാസം ചെയ്യാവുന്നതോ ആയ രീതികൾ ധാരാലം കണ്ടേക്കാം - അതു കാര്യമാക്കേണ്ട; ഗൗനിക്കേണ്ട സംഗതി പാരമ്പര്യം മാറ്റമില്ലാതെ തുടരുന്നു എന്നതാണ്"*

*- പൗലോ കൊയ്‌ലോ (ബ്രിഡ)*

*"ഞാനും ദൈവവും ഒന്നായിരിക്കുന്നു.*
*ഇനി എനിക്ക് വ്യവഹരിക്കുന്നതിന് പാടില്ല*
*ഓ! ഇതാ ഞാൻ ദൈവത്തോട് ഒന്നായിപ്പോകുന്നു"*

*- പി. രവികുമാർ (നചികേതസ്സ്)*

*"മറ്റുള്ളവർക്കുവേണ്ടിയുള്ള ഒരു പുതിയ ജീവിതമാണ് ദൈവത്തോടുള്ള നമ്മുടെ ബന്ധം"*

*- ഡിട്രീച്ച് ബോൺഹോഫർ*

## കേന്ദ്രമന്ത്രി ശ്രീ. വയലാർ രവി, കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല എന്നിവരുടെ സാന്നിദ്ധ്യത്തിൽ കേരള മുഖ്യമന്ത്രി നല്കിയ ഉറപ്പിന്റെ കോപ്പി

### തിരുമാനം

സഭാതർക്കങ്ങളിൽ ചർച്ചയിലൂടെ സമന്വയമുണ്ടാക്കുകയെന്നതാണ് ഗവ.ന്റെ സമീപനം. അഭിപ്രായസമന്വയം അസാധ്യമായി വരുന്ന സാഹചര്യങ്ങളിൽ നിയമപരമായി പ്രവർത്തിക്കാനും കോടതി വിധി നടപ്പിലാക്കാനും സർക്കാരിനു ഉത്തരവാദിത്തമുണ്ട്.

കോലഞ്ചേരി വലിയപള്ളി പ്രശ്നത്തിനു ഒരു പരിഹാരം കണ്ടെത്തുവാൻ ജില്ലാ ഭരണനേതൃത്വവും കേരള മീഡിയേഷൻ സെന്ററും നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല. അതിനെത്തുടർന്നാണ് ഇന്ന് ഞങ്ങൾ ഇടപെട്ട് ചില ചർച്ചകൾ നടത്തിയത്. ചർച്ചകളുടെ അടിസ്ഥാനത്തിൽ ചില നിർദേശങ്ങൾ ഗവ. മുന്നോട്ടുവച്ചെങ്കിലും അതിനും ഉദ്ദേശിച്ച ഫലം കണ്ടില്ല.

ഈ പ്രത്യേക സാഹചര്യത്തിൽ എല്ലാവർക്കും സ്വീകാര്യമായ തിരുമാനമുണ്ടാക്കുവാൻ 15 ദിവസത്തെ സമയം ആവശ്യമാണ്. അതുവരെ ഇപ്പോൾ നടത്തുന്ന ഉപവാസവും പ്രാർഥന യജ്ഞവും അവസാനിപ്പിക്കണമെന്ന് ഇരുവിഭാഗങ്ങളോടും അഭ്യർഥിക്കുന്നു.

നിശ്ചിതസമയത്തിനുള്ളിൽ അഭിപ്രായ സമന്വയത്തിലെത്തുവാൻ സാധിക്കുന്നില്ലെങ്കിൽ കോടതിവിധി നടപ്പിലാക്കുന്നതാണ്.

എറണാകുളം
18.09.2011

സർക്കാരിനുവേണ്ടി

18.9.20
P. I. SHEIK PAREETH
DISTRICT COLLECTOR
ERNAKULAM

To
The Vicar
St. Peters & St Pauls Syrian Orthodox Church
Kolencherry


COLLECTOR'S CAMP OFFICE
ERNAKULAM
Date.....................
KOCHI - 682 011



കടവിൽ പൗലോസ് മാർ അത്താനാസിയോസ്
(104 -ാം ഓർമ്മ)
(നവംബർ 2)
**(തൃക്കുന്നത്തു സെമിനാരി, ആലുവ)**



വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ്
(45 -ാം ഓർമ്മ)
(നവംബർ 6)
**(തൃക്കുന്നത്തു സെമിനാരി, ആലുവ)**



പൗലോസ് മാർ ഗ്രിഗോറിയോസ്
(15 -ാം ഓർമ്മ)
(നവംബർ 24)
**(പഴയസെമിനാരിയിൽ)**



സ്തേഫാനോസ് മാർ തേവോദോസിയോസ്
(4 -ാം ഓർമ്മ)
(നവംബർ 5)
**(ഭിലായ് സെന്റ് തോമസ് ആശ്രമം)**




The Official Organ of Kandanad West Diocese of Malankara Orthodox Syrian Church
Published by Rev. Fr. Dr. O.P. Varghese, Mar Pachomios Mount, Meempara, Puthencruz, Ernakulam - 682 308
Chief Editor: Rev. Fr. Jose Thomas Poovathumkal, Printed at Printa Multicolor Offset Press, Kolenchery